പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIII

# (SUBJECT COMMITTEE XIII)

സാമൂഹ്യസേവനം

## (SOCIAL SERVICES)

പീരിയോഡിക്കൽ റിപ്പോർട്ട്

(2020 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH 2020)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2020 ആഗസ്റ്റ് 24-ാം തീയതി സമർപ്പിച്ചത്
(Presented on 24th August 2020)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2020

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIII

# (SUBJECT COMMITTEE XIII)

## സാമൂഹ്യസേവനം

## (SOCIAL SERVICES)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2020 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2020)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

625/2020.

# ഉള്ളടക്കം


| | പേജ് |
| --- | --- |
| സമിതിയുടെ ഘടന | .. v |
| അവതാരിക | .. vii |
| റിപ്പോർട്ട് | .. 1 |
| അനുബന്ധം | .. 14 |

# സബ്ജക്ട് കമ്മിറ്റി XIII

## (സാമൂഹ്യസേവനം)

## (2019-2021)

### ഘടന

ചെയർമാൻ :

ശ്രീ. എ. കെ. ബാലൻ,

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

എക്സ് - ഒഫീഷ്യോ അംഗം :

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ,

ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശുവികസനവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. അൻവർ സാദത്ത്

ശ്രീമതി സി. കെ. ആശ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ഒ. ആർ. കേളു

ശ്രീ. എം. മുകേഷ്

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. സി. കെ. ശശീന്ദ്രൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. മാത്യുക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി

ശ്രീ. വി. ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രാജേശ്വരി ആർ., അണ്ടർ സെക്രട്ടറി.

## അവതാരിക

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

14-ാം കേരള നിയമസഭയുടെ സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII (2019-2021), 2019 ജനുവരി 7-ാം തീയതി രൂപീകൃതമായി. [2019 ജനുവരി 7-ാം തീയതിയിലെ ബുള്ളറ്റിൻ നമ്പർ 598 (ഭാഗം 2)]. 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 15-5-2019, 1-7-2019, 1-8-2019, 23-10-2019, 29-10-2019, 1-1-2020, 20-2-2020, (രണ്ട് യോഗങ്ങൾ) 26-2-2020 എന്നീ തീയതികളിലായി 9 യോഗങ്ങൾ ചേർന്നു. 15-5-2019-ലെ യോഗത്തിൽ എസ്.ആർ.ഒ. സാധൂകരണം (എസ്.ആർ.ഒ. നമ്പർ 127/2018) 2016-17, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണിച്ചു. 1-7-2019-ലെ സമിതിയോഗം 2018-19 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2018 ഏപ്രിൽ ഒന്ന് മുതൽ 2019 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിച്ചു. 1-8-2019-ലെ സമിതിയോഗം, ബഹു. സ്പീക്കറുടെ 12-6-2019-ലെ റൂളിംഗിനെ അടിസ്ഥാനമാക്കി '2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും, അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്ട് ', 'കേരള ഷെഡ്യൂൾഡ് ട്രൈബ് ഡെവലപ്മെന്റ് സബോർഡിനേറ്റ് സർവ്വീസ് അമെന്റ്മെന്റ് റൂൾസ് 2002' എന്നിവയുടെ കരട് ചട്ടങ്ങൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് സാമൂഹ്യനീതി, പട്ടികവർഗ്ഗവികസനം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും, Sexual Harassment of Women at Work Places (Prevention Protection and Redressal) Act-2013 (Central Act 14 of 2013) സംബന്ധിച്ച കരട് ചട്ടം പരിഗണിക്കുകയും ചെയ്തു. 23-10-2019-ലെ യോഗം പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച വിഷയത്തിന്മേൽ പിന്നാക്കവിഭാഗവികസന വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ആവശ്യമായ

നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്ട് സംബന്ധിച്ച കരട് ചട്ടം സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. 29-10-2019-ലെ സമിതിയോഗം 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. 1-1-2020-ലെ സമിതിയോഗം Commission for Protection of Child Rights Act 2005 പ്രകാരം പുറപ്പെടുവിച്ച എസ്.ആർ.ഒ.കളുടെ ഭേദഗതിക്കുള്ള കരട്, 1993-ലെ കേരള ഷെഡ്യൂൾഡ് ട്രൈബ് ഡെവലപ്മെന്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് കരട് ചട്ടം രൂപീകരിക്കുന്നത് സംബന്ധിച്ച വിശദീകരണ കുറിപ്പ്, 2009-10, 2017-18 സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണിച്ചു 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന നമ്പർ XXV, XLVI എന്നിവയിന്മേലുള്ള പരിശോധന 20-2-2020-ലെ സമിതിയോഗങ്ങളിലും, 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് 26-2-2020-ൽ ചേർന്ന സമിതിയോഗത്തിലും പരിഗണിച്ചു. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർ നില 44% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അദ്ധ്യായം-I | - | സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ |
| അദ്ധ്യായം-II | - | സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ |
| അദ്ധ്യായം-III | - | സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കൾ സംബന്ധിച്ച വിശദാംശങ്ങൾ |
| അദ്ധ്യായം-IV | - | നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ |
| അദ്ധ്യായം-V | - | നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ |
| അദ്ധ്യായം-VI | - | (എ)2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ സംഗ്രഹം. |

(ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

അദ്ധ്യായം-VII - സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2020 ജൂലൈ 24-ന് ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

എ. കെ. ബാലൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2020 ജൂലൈ 24.

625/20

## റിപ്പോർട്ട്

### അദ്ധ്യായം I

### സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1) 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ കരട് 20-3-2019-ലെ സമിതിയോഗം അംഗീകരിക്കുകയും റിപ്പോർട്ട് 28-5-2019-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2) 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 1-7-2019-ലെ സമിതിയോഗം അംഗീകരിക്കുകയും റിപ്പോർട്ട് 4-7-2019-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3) 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് 1-7-2019-ലെ സമിതിയോഗം പരിഗണിക്കുകയും പ്രസ്തുത റിപ്പോർട്ട് 4-7-2019-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

4) 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട് 26-2-2020-ലെ സമിതിയോഗം അംഗീകരിക്കുകയും റിപ്പോർട്ട് 2-3-2020-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

### അദ്ധ്യായം II

### സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും, അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ട് 29-10-2019-ലെ സമിതിയോഗം പരിഗണിക്കുകയും 6-11-2019-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

### അദ്ധ്യായം III

### സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കൾ സംബന്ധിച്ച വിശദാംശങ്ങൾ

1) 2015-ലെ മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ചട്ടങ്ങൾ-2018 എസ്.ആർ.ഒ. 127/2018 - 15-5-2019-ലെ സമിതിയോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

2) Sexual Harassment of Women at work places (prevention and redressal) Act 2013 (Central Act 14 of 2013) സംബന്ധിച്ച കരട് ചട്ടം 1-8-2019-ലെ സമിതിയോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

3) 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർ മാരുടെയും ക്ഷേമനിധി ആക്റ്റ് സംബന്ധിച്ച കരട് ചട്ടം 23-10-2019-ലെ സമിതിയോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

4) Commission for Protection of Child Right Act 2005 പ്രകാരം പുറപ്പെടുവിച്ച എസ്.ആർ.ഒ.കളുടെ ഭേദഗതികളുള്ള കരട് 1-1-2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## അദ്ധ്യായം IV

## നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം പിന്നാക്കവിഭാഗവികസന വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് പിന്നാക്കവിഭാഗവികസന വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി 23-10-2019-ൽ സമിതി ചർച്ച നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

## അദ്ധ്യായം V

## നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

(i) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം XXV-പട്ടികജാതി പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട 2017-18 വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടും പിന്നാക്കവിഭാഗ വികസന വകുപ്പുമായി ബന്ധപ്പെട്ട 2018-19 വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടും, ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും, സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി ശ്രീ. എ. കെ. ബാലൻ യഥാക്രമം 26-6-2019, 6-2-2020 എന്നീ തീയതികളിലായി സഭയിൽ സമർപ്പിച്ചു.

ii) സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പൊതുഭരണ വകുപ്പിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് 26-6-2019-നും, സാമൂഹ്യനീതി വകുപ്പിന്റെ 2014-15, 2015-16, 2016-17 വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ട് ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ 6-2-2020-നും സഭയിൽ സമർപ്പിച്ചു.

<u>അദ്ധ്യായം VI</u>

**(എ) 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ സംഗ്രഹം.**

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ചുവടെ ചേർത്തിരിക്കുന്ന വകുപ്പുകളിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ നടപ്പ് വർഷത്തെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്:

1) പട്ടികജാതി വികസന വകുപ്പ്

2) സാമൂഹ്യനീതി വകുപ്പ്

3) ആഭ്യന്തര വകുപ്പ്

4) പൊതുഭരണ വകുപ്പ്

**ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളും, അതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.**

**2016-17 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ ഒന്നാമത് റിപ്പോർട്ടിലെ പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട 1, 3, 5 നമ്പർ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.**

(27-7-2018-ലെ SCSTDD-F2/322/2016/SCSTDD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയത്)

<u>ശിപാർശ നമ്പർ 1</u>

2225-01-102-97—<u>പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹത്തിനുള്ള ധനസഹായം</u>

2015-16 സാമ്പത്തിക വർഷം പട്ടികജാതി യുവതികളുടെ വിവാഹ ധനസഹായത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിൽ 3178 അപേക്ഷകർക്കുകൂടി ധനസഹായം അനുവദിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷം പട്ടികജാതി യുവതികളുടെ വിവാഹ ധനസഹായ ആനുകൂല്യത്തിനായി 50,00,00,000 (50 കോടി) രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത പദ്ധതിയ്ക്ക് ആ വർഷം ലഭിച്ചിട്ടുള്ള അപേക്ഷകളിൽ 3178 അപേക്ഷകൾക്ക് കൂടി ധനസഹായം അനുവദിക്കുന്നതിന് വകയിരുത്തിയിരുന്ന 50 കോടി രൂപ അപര്യാപ്തമായതിനാലാണ് അധികമായി 10 കോടി രൂപ ആവശ്യപ്പെട്ടിരുന്നത്.

2016-17 സാമ്പത്തിക വർഷത്തിൽ പട്ടികജാതിക്കാർക്കുള്ള വിവാഹ ധനസഹായ ആനുകൂല്യത്തിനായി സമിതിക്ക് മുമ്പാകെ ആവശ്യപ്പെട്ടിരുന്ന തുക ലഭ്യമാകാത്ത സാഹചര്യത്തിൽ അഡീഷണൽ ഓതറൈസേഷൻ മുഖേന 2,60,90,000 രൂപ കണ്ടെത്തുകയും അപ്രകാരം 2016-17 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 52,59,10,000 രൂപ ചെലവഴിക്കുകയും ചെയ്തിരുന്നു.

ശിപാർശ നമ്പർ 3

2225-01-282-98—ഗുരുതരരോഗങ്ങൾ ബാധിച്ച പട്ടികജാതിക്കാർക്കുള്ള ചികിത്സാ ചെലവിനുള്ള ധനസഹായം

ചികിത്സാ ധനസഹായത്തിനായി നിലവിൽ ലഭ്യമായിട്ടുള്ള അപേക്ഷകൾക്കും ഈ വർഷം പ്രതീക്ഷിക്കുന്ന അപേക്ഷകൾക്കും ധനസഹായം അനുവദിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷം "ഗുരുതരരോഗങ്ങൾ ബാധിച്ച പട്ടികജാതിക്കാർക്കുള്ള ധനസഹായം" എന്ന പദ്ധതിയ്ക്ക് ലഭ്യമായിരുന്ന എല്ലാ അപേക്ഷകൾക്കും ധനസഹായം നൽകുന്നതിന് ടി സാമ്പത്തിക വർഷം നോൺ പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിരുന്ന 1,10,00,000 രൂപ അപര്യാപ്തമായ സാഹചര്യത്തിലാണ് അധികമായി 5 കോടി രൂപ ആവശ്യപ്പെട്ടിരുന്നത്. ചികിത്സാ ധനസഹായത്തിന് 2225-01-282-98 (എൻ.പി.) ശീർഷകത്തിൽ അനുവദിച്ചിരുന്ന 1,10,00,000 രൂപയ്ക്ക് പുറമെ ടി പദ്ധതിക്കായി ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് സ്കീമിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നുകൂടി 2016-17 സാമ്പത്തിക വർഷം ടി പദ്ധതിയ്ക്കായി തുക കണ്ടെത്തിയിരുന്നു. ആയതിനാൽ നോൺ പ്ലാൻ ശീർഷകത്തിൽ അധിക തുക അനുവദിച്ചില്ല.

## ശിപാർശ നമ്പർ 5

## 2225-01-800-86-1995—ലെ പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനുള്ള സംവിധാനം

2015-16 സാമ്പത്തിക വർഷം "2225-01-800-86(P)" ശീർഷകത്തിൽ 11 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ടി ശീർഷകത്തിൽ ഒരു ഘടകമായ മിശ്രവിവാഹ പദ്ധതിയ്ക്ക് കഴിഞ്ഞ സാമ്പത്തിക വർഷം 8 കോടിയിലധികം രൂപ ചെലവ് വന്നിട്ടുണ്ട്. ടി ശീർഷകത്തിലെ പ്രധാന ഘടകമായ അതിക്രമം തടയൽ നിയമ പ്രകാരം നൽകിവരുന്ന ധനസഹായ തുക കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചതിനാൽ പ്രസ്തുത പദ്ധതിക്കായി അധിക തുക ആവശ്യമുണ്ട്. ഇതിനുപുറമെ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും ശില്പശാല നടത്തുന്നതിനും തുക ആവശ്യമുണ്ട്. ഈ കാര്യങ്ങൾക്കായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷം 1995-ലെ പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനുള്ള സംവിധാനം എന്ന പദ്ധതിയ്ക്ക് 11 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ടി ശീർഷകത്തിലെ ഒരു ഘടകമായ മിശ്രവിവാഹ പദ്ധതിയ്ക്ക് 2015-16 സാമ്പത്തിക വർഷം 8 കോടിയിലധികം രൂപ ചെലവ് വരുകയും ടി ശീർഷകത്തിലെ തന്നെ ഒരു പ്രധാന ഘടകമായ അതിക്രമം തടയൽ നിയമ പ്രകാരം നൽകിവരുന്ന ധനസഹായ തുക കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചതിനാൽ അധിക തുക ആവശ്യമായിരുന്നു. ആയതിനുപുറമെ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും ശിൽപ്പശാല എന്നിവ നടത്തുന്നതിനും പ്രസ്തുത ശീർഷകത്തിൽ 2016-17 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 10 കോടി അപര്യാപ്തമാണെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് പ്രതീക്ഷിക്കുന്ന ചെലവിനത്തിൽ 2.5 കോടി രൂപ അധികമായി അനുവദിക്കുന്നതിന് സമിതി മുമ്പാകെ ശിപാർശ ചെയ്തിരുന്നത്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ 1995-ലെ പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനുള്ള സംവിധാനം എന്ന പദ്ധതിയ്ക്ക് 10 കോടി രൂപ വകയിരുത്തിയിരുന്നതിനാൽ 9,84,69,332 രൂപ ചെലവഴിച്ചിരുന്നു. ആയതിനാൽ അധിക തുക ആവശ്യമായി വന്നിരുന്നില്ല.

[പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റുകൾ സമർപ്പിക്കുവാനുണ്ടായ കാലതാമസം സംബന്ധിച്ച ഡിലേ സ്റ്റേറ്റ്മെന്റ് നിയമസഭാ ചട്ടം 236 (5) പ്രകാരം 5-12-2018-ന് സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റുകൾ 15-5-2019-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും ചെയ്തു.]

**2016-17 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ ഒന്നാമത് റിപ്പോർട്ടിലെ പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട 4, 6 നമ്പർ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.**

(22-12-2017-ലെ 917922/സി1/2016/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയത്)

<u>ശിപാർശ നമ്പർ 4</u>

2225-01-283-89—<u>ഭവന രഹിതർക്ക് ഭവനം</u>

പട്ടികജാതി വികസന വകുപ്പ് ഭവന നിർമ്മാണ ധനസഹായമായി അനുവദിച്ചു വരുന്ന 3 ലക്ഷം രൂപ നിരക്ക് 'ഇന്ദിര ആവാസ് യോജന പദ്ധതി' പ്രകാരമുള്ള ഭവനങ്ങൾക്കും അനുവദിച്ച് ഭവന നിർമ്മാണ ധനസഹായം ഏകീകരിക്കുന്നതിന് പദ്ധതിയുണ്ട്. ഇത് പ്രകാരം ഓരോ വീടിനും 1 ലക്ഷം രൂപ അധികമായി നൽകേണ്ടിവരും. ഈ ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകുന്നതിന് ഏകദേശം 182.85 കോടി രൂപയോളം ആവശ്യമുണ്ട്. നിലവിൽ വകയിരുത്തിയിട്ടുള്ള തുക പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതിക്കുതന്നെ പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 182.85 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 2015-16 വർഷം വർദ്ധിപ്പിച്ച നിരക്കിലുള്ള ധനസഹായം നൽകുന്നതിനായി 107,63,79,000 രൂപ (നൂറ്റിയേഴ് കോടി അറുപത്തിമൂന്ന് ലക്ഷത്തി എഴുപത്തിയൊൻപതിനായിരം രൂപ മാത്രം) 2225-01-283-89-house to house less (P) എന്ന ശീർഷകത്തിൽ നിന്നും ചെലവ് ചെയ്യുന്നതിനും ടി തുക ഗ്രാമവികസന കമ്മീഷണർക്ക് നൽകുന്നതിനും 30-3-2017-ലെ സ.ഉ.(സാധാ) 962/17 പ.ജ.പ.വ.വി.വ. പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശിപാർശ നമ്പർ 6

2225-80-190-94—പട്ടികജാതിക്കാർക്കുള്ള വായ്പാനിവാരണ പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനുള്ള ധനസഹായം

പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളുടെ കടം എഴുതിത്തള്ളൽ പദ്ധതിക്കായി ഏകദേശം 121 കോടി രൂപ സഹകരണ സംഘം രജിസ്ട്രാർ ആവശ്യപ്പെട്ടിരുന്നു. ആയാൽ 44 കോടി 34 ലക്ഷം രൂപ മാത്രമേ ഇതിനകം നൽകിയിട്ടുള്ളൂ. ഈ ഇനത്തിൽ പരിമിതമായ തുകയാണ് നിലവിൽ വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിൽ 75 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളുടെ കടം എഴുതിത്തള്ളൽ പദ്ധതിയിൽ കുടിശ്ശികയായിട്ടുള്ള അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിന്, 2225-80-190-94 എന്ന ശീർഷകത്തിൽ റീ-അപ്രോപ്രിയേറ്റ് ചെയ്തിരുന്ന 88,53,64,000 രൂപ (എൺപത്തെട്ട് കോടി അമ്പത്തിമൂന്ന് ലക്ഷത്തി അറുപത്തിനാലായിരം രൂപ) അനുവദിച്ച് [29-3-2017-ലെ സ.ഉ.(സാധാ) 916/2017/ പ.ജ.പ.വ.വി.വ.] ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

[പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുവാനുണ്ടായ കാലതാമസം സംബന്ധിച്ച ഡിലേ സ്റ്റേറ്റ്മെന്റ് നിയമസഭാ ചട്ടം 236(5) പ്രകാരം 5-12-2018-ന് സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് 15-5-2019-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും ചെയ്തു.]

**2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ രണ്ടാമത് റിപ്പോർട്ടിലെ പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട 7, 8, 9, 10, 12, 16, 17, 18, 19, 20 എന്നീ നമ്പർ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.**

(20-5-2019-ലെ 114/പി.എം/2018/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയത്)

ശിപാർശ നമ്പർ 7

2225-02-192-50—മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം-റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്.

മാനന്തവാടി മുനിസിപ്പാലിറ്റിയിൽ പ്രവർത്തിക്കുന്ന രണ്ട് ബാലവാടികളിലെ കുട്ടികളുടെ ഭക്ഷണം, ഭക്ഷണേതര കാര്യങ്ങൾ, അദ്ധ്യാപകരുടെ ശമ്പളം എന്നിവയ്ക്കായി ബഡ്ജറ്റിൽ ടോക്കൺ തുക മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. അതിനാൽ പ്രസ്തുത ചെലവുകൾ നിർവ്വഹിക്കുന്നതിലേയ്ക്കായി 3 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ബാലവാടികളിലെ കുട്ടികളുടെ ഭക്ഷണം/ഭക്ഷണേതര കാര്യങ്ങൾ, അദ്ധ്യാപകരുടെ ശമ്പളം എന്നിവയ്ക്ക് വേണ്ടി വരുന്ന ചെലവ് 2225-02-192-50 എന്ന ശീർഷകത്തിനു പകരം 2225-02-277-35 എന്ന ശീർഷകത്തിൽ നിന്നും വഹിക്കുവാൻ ഉത്തരവായിരുന്നു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാനന്തവാടിയിൽ പ്രവർത്തിക്കുന്ന 2 ബാലവാടികളുടെ ചെലവുകൾക്കുള്ള ആവശ്യമായ തുക പ്രസ്തുത ശീർഷകത്തിൽ നിന്ന് വഹിച്ചിരുന്നു.

## ശിപാർശ നമ്പർ 8

2225-02-198-50—വില്ലേജ് പഞ്ചായത്തുകൾക്കുള്ള ധനസഹായം-റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്

ബാലവാടികളിലെയും ക്രഷുകളിലെയും അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിനും കുട്ടികളുടെ പ്രതിദിന ആഹാര ചെലവിനുമായി നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ അധികമായി ഒരു കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

വകുപ്പിന് കീഴിലുള്ള ബാലവാടികൾ/കിന്റർഗാർട്ടൻ എന്നിവയിലെ അദ്ധ്യാപകർക്ക് വർദ്ധിപ്പിച്ച നിരക്കിൽ ശമ്പളവും, കുട്ടികൾക്കുള്ള യൂണിഫോം, അലവൻസ്, ഭക്ഷണ ചെലവ് ഇടങ്ങിയവ വർദ്ധിപ്പിച്ചുകൊണ്ടു ഉത്തരവായിരുന്നു. ആയതിനുവേണ്ടി വരുന്ന ചെലവ് "2225-02-277-35(P)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കുവാനും ഉത്തരവായതിനാൽ അധികഫണ്ട് "2225-02-198-50" എന്ന ശീർഷകത്തിൽ ആവശ്യമായി വന്നിരുന്നില്ല.

## ശിപാർശ നമ്പർ 9

2225-02-277-99—മെട്രിക്കുലേഷനുമുമ്പുള്ള പഠനങ്ങൾ

2016-17 സാമ്പത്തിക വർഷം പ്രീ-മെട്രിക് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ 25% വർദ്ധിപ്പിച്ചതിന് ആനുപാതികമായി ഫണ്ട് അനുവദിച്ചിരുന്നില്ല. ഇപ്പോൾ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ 50% വർദ്ധിപ്പിക്കുന്നതിനായി പരിഗണനയിലുള്ള പ്രൊപ്പോസൽ സർക്കാർ അംഗീകരിക്കുന്ന പക്ഷം പ്രസ്തുത ചെലവുകൾ കൂടി വഹിക്കുന്നതിന് ഈ ശീർഷകത്തിൽ കൂടുതൽ തുക അനുവദിക്കേണ്ടതുണ്ട്. ആയതിനാൽ നിലവിലുള്ള വിഹിതത്തിനുപുറമെ 43 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അധിക തുക ആവശ്യപ്പെട്ടിരുന്നുവെങ്കിലും 2017-18 സാമ്പത്തിക വർഷം അവസാനിച്ചതിനാൽ അധിക തുക ആവശ്യമില്ല. 2018-19 സാമ്പത്തിക വർഷത്തെ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുകയിൽ നിന്ന് വിദ്യാഭ്യാസാനുകൂല്യമായി 67.50 ലക്ഷം രൂപ കുട്ടികൾക്ക് അനുവദിച്ചു.

<u>ശിപാർശ നമ്പർ 10</u>

2225-02-277-97-12—<u>മെട്രിക്കുലേഷനുശേഷമുള്ള സ്കോളർഷിപ്പുകൾ (കേന്ദ്രാവിഷ്കൃത പദ്ധതി 100% കേന്ദ്രസഹായം) സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും</u>

പ്രീ-മെട്രിക് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ 50% വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇതിന് അനുമതി ലഭിക്കുകയാണെങ്കിൽ ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമാവുകയില്ല. ആയതിനാൽ 8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷം അധിക ഫണ്ട് ആവശ്യമായി വന്നിരുന്നില്ല.

<u>ശിപാർശ നമ്പർ 12</u>

2225-02-277-89—<u>നഴ്സറി സ്കൂൾ</u>

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ വിവിധ ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന 13 നഴ്സറി സ്കൂളുകളിലെ കുട്ടികളുടെ പ്രതിദിന ആഹാര ചെലവ് 2014-15 സാമ്പത്തിക വർഷം മുതൽ 10 രൂപയിൽ നിന്നും 30 രൂപയായി വർദ്ധിപ്പിച്ചുവെങ്കിലും അതിന് ആനുപാതികമായിട്ടുള്ള തുക ഇതുവരെയും അനുവദിച്ചിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ഇതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ നഴ്സറി സ്കൂളുകളിലെ കുട്ടികളുടെ ആഹാര ചെലവിനായി 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

20-7-2018-ലെ സ.ഉ.(സാധാ) നമ്പർ 803/2018/പ.ജ.പ.വ.വി.വ. ഉത്തരവുപ്രകാരം നഴ്സറി സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ ഭക്ഷണത്തിനും മറ്റ് ചെലവുകൾക്കുമുള്ള തുക 2225-02-277-35 പ്രൊമോഷൻ ഓഫ് എഡ്യുക്കേഷൻ എമംഗ് എസ്.ടിസ് (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുവാൻ അനുമതി നൽകി ഉത്തരവായിരുന്നു. ആയതിനാൽ 2225-02-277-89-34 എന്ന ശീർഷകത്തിൽ അധിക ഫണ്ട് ആവശ്യമായി വന്നിരുന്നില്ല.

ശിപാർശ നമ്പർ 16

2225-02-277-46-06—ഉത്പാദന പരിശീലന കേന്ദ്രങ്ങൾ-വാടക-കരം-നികുതി

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി തിരുവനന്തപുരം ജില്ലയിൽ ചേന്നാൻ പാറയിൽ പ്രവർത്തിക്കുന്ന ഉത്പാദന പരിശീലന കേന്ദ്രത്തിന്റെ വാടക ഇനത്തിലുള്ള കടിശ്ശിക നൽകുന്നതിലേയ്ക്കായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം അധിക ഫണ്ട് ആവശ്യമായി വന്നിരുന്നില്ല.

ശിപാർശ നമ്പർ 17

2225-02-277-39—IEC Project (ഇൻഫർമേഷൻ, എഡ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ)

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികളെയും ആനുകൂല്യങ്ങളെയും കുറിച്ച് കൂടുതൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക, ഇതുവരെ ആർജ്ജിച്ച നേട്ടങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് വിഷ്വൽ ഡോക്യുമെന്റേഷൻ നടത്തുക, ജി.പി.എസ്. സർവ്വേയിലൂടെ പട്ടികവർഗ്ഗ കോളനികളുടെയും അനുബന്ധ മേഖലകളുടെയും ഭൂപടം തയ്യാറാക്കുക, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രവർത്തന ഫലമായുള്ള നേട്ടങ്ങളെയും വിവിധ പദ്ധതികളെയും സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തികൊണ്ട് ലഘുലേഖകളും മാഗസിനുകളും തയ്യാറാക്കി പൊതുജനങ്ങൾക്കും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ലഭ്യമാക്കുക എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനുപുറമെ 2.5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തിൽ 2225-02-277-39-ഐ.ഇ.സി. പ്രോജക്ട് (ഇൻഫർമേഷൻ, എഡ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ) എന്ന ശീർഷകത്തിൽ അധിക ഫണ്ട് ആവശ്യമായി വന്നിരുന്നില്ല.

ശിപാർശ നമ്പർ 18

2225-02-277-35—പട്ടികവർഗ്ഗക്കാർക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ

പ്രാക്തനഗോത്ര വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗക്കാർക്കായുള്ള പെരിപ്പാറ്ററ്റിക് വിദ്യാഭ്യാസ പദ്ധതി, ഹൈസ്കൂൾ-ഹയർസെക്കന്ററി തലത്തിൽ പഠിക്കുന്ന പട്ടികവർഗ്ഗ

വിദ്യാർത്ഥികൾക്കായുള്ള ട്യൂട്ടോറിയൽ പദ്ധതി, സ്കൂളുകളിലേയ്ക്ക് വാഹന സൗകര്യം ലഭ്യമല്ലാത്ത ഇടങ്ങളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂളിലേയ്ക്ക് വാഹന സൗകര്യമേർപ്പെടുത്തുന്ന ഗോത്രസാരഥി പദ്ധതി, പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫർണിച്ചർ, വായന സാമഗ്രികൾ എന്നീ സൗകര്യങ്ങളോടെയും പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാളെ 15,000 രൂപ പ്രതിമാസ ഓണറേറിയം വ്യവസ്ഥയിൽ ട്യൂട്ടറായി നിയമിച്ചുകൊണ്ടും സാമൂഹ്യ പഠനമുറി സ്ഥാപിക്കുന്ന പദ്ധതി എന്നിവ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2783/18/ധന. തീയതി, 28-3-2018 പ്രകാരം ധനപുനർവിനിയോഗം വഴി 4.65 കോടി രൂപ അനുവദിച്ചിരുന്നു.

<u>ശിപാർശ നമ്പർ 19</u>

2225-02-282-91—<u>പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ സുരക്ഷ</u>

പട്ടികവിഭാഗങ്ങളിൽ മദ്യപാനവും പുകയില ഉത്പന്നങ്ങളുടെ ഉപയോഗവും കൂടുതലായി നിലനിൽക്കുന്നതിനാൽ ആരോഗ്യരക്ഷാ പദ്ധതി ഏറെ പ്രാധാന്യമർഹിക്കുന്നു എന്ന് സമിതി വിലയിരുത്തി. ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളുടെ നടത്തിപ്പ്, ആശുപത്രികൾ വഴിയുള്ള മെഡിക്കൽ സഹായം, പട്ടികവർഗ്ഗ ആശ്വാസനിധി തുടങ്ങിയ പദ്ധതികളാണ് പട്ടികവർഗ്ഗ സമഗ്ര ആരോഗ്യരക്ഷാ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇത് കൂടാതെ വയനാട് 3 കേന്ദ്രങ്ങളും ഇടുക്കിയിൽ 2 കേന്ദ്രങ്ങളും മലപ്പുറം, അട്ടപ്പാടി, തിരുവനന്തപുരം എന്നിവിടങ്ങളിൽ ഓരോ കേന്ദ്രങ്ങളും ഉൾപ്പെടെ 8 കേന്ദ്രങ്ങളിൽ ഡീ-അഡിക്ഷൻ സെന്ററുകൾ തുടങ്ങുക അട്ടപ്പാടിയിലുള്ളതുപോലെ ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്റർ വയനാട് ജില്ലയിലും ആവശ്യമുള്ള സ്ഥലങ്ങളിലും തുടങ്ങുക എന്നിങ്ങനെയുള്ള രണ്ട് പദ്ധതികൾകൂടി ഇതിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് 7.82 കോടി രൂപ മുൻ വർഷങ്ങളിലെ കടിശ്ശികയിനത്തിൽ നൽകാനുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പട്ടികവർഗ്ഗ സമഗ്ര ആരോഗ്യരക്ഷാ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഈ ശീർഷകത്തിൽ നിലവിലുള്ള വിഹിതത്തിനുപുറമെ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷത്തിൽ 2225-02-282-91-പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ സുരക്ഷ എന്ന ശീർഷകത്തിൽ ധനപുനർവിനിയോഗം വഴി ആവശ്യപ്പെട്ടിരുന്ന 15 കോടി രൂപ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2783/2018/ധന. തീയതി, 28-3-2018 പ്രകാരം അനുവദിച്ചിരുന്നു.

<u>ശിപാർശ നമ്പർ 20</u>

2225-02-283-90—<u>ഭൂരഹിത ഗിരിവർഗ്ഗക്കാരുടെ പുനരധിവാസം</u>

സംസ്ഥാനത്ത് ഭൂരഹിതരായ 12434 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ വനാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ചതിൽ എസ്.ഡി.എൽ.സി./ഡി.എൽ.സി. പെന്റിംഗ് ആയിട്ടുള്ള 4224 പേർക്ക് കൈവശാവകാശരേഖ നൽകുവാൻ കഴിയുന്നതാണ്. വിതരണത്തിന് അനുയോജ്യമാണെന്ന് വനം വകുപ്പ് ശിപാർശ ചെയ്ത ഭൂമി വിതരണം ചെയ്യുന്നതോടെ നാലായിരത്തോളം പേർക്ക് കൂടി ഭൂമി ലഭിക്കണമെന്നും സമിതി നിരീക്ഷിച്ച ശേഷിക്കുന്ന 4211 കുടുംബങ്ങൾക്കുകൂടി ഭൂമി കണ്ടെത്തി പുനരധിവസിപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനത്തിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാവുകയില്ല. ആയതിനാൽ ഭൂരഹിതരായ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനും പുനരധിവസിപ്പിച്ച കുടുംബങ്ങൾക്ക് എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിനുമായി നിലവിലുള്ള വിഹിതത്തിനുപുറമെ 100 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷത്തിൽ 2225-02-283-90-ഭൂരഹിത ഗിരിവർഗ്ഗക്കാരുടെ പുനരധിവാസം എന്ന ശീർഷകത്തിൽ അധിക ഫണ്ട് ആവശ്യമില്ലാത്തതിനാൽ ഫണ്ട് ആവശ്യപ്പെട്ടിരുന്നില്ല.

[പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുവാനുണ്ടായ കാലതാമസം സംബന്ധിച്ച ഡിലേ സ്റ്റേറ്റ്മെന്റ് നിയമസഭാ ചട്ടം 236(5) പ്രകാരം 26-6-2019-ന് സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് 1-1-2020-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും, അംഗീകരിക്കുകയും ചെയ്തു.]

**2009-10 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ നാലാമത് റിപ്പോർട്ടിലെ സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട 194-ാം നമ്പർ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്**

**(13-5-2019-ലെ 43/ഡി3/സാ.നീ.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയത്)**

ശിപാർശ

കമ്മീഷണറെ സഹായിക്കുന്നതിന് നാമമാത്രമായ തസ്തികകളാണ് ഇപ്പോൾ നിലവിലുള്ളത്. കമ്മീഷണറേറ്റിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

അംഗപരിമിതർക്കുള്ള സംസ്ഥാന കമ്മീഷണറേറ്റിന്റെ സുഗമമായ പ്രവർത്തനത്തിന് 2 ക്ലാർക്ക്, 2 ടൈപ്പിസ്റ്റ്, ഒരു ഡ്രൈവർ കം ഓഫീസ് അറ്റന്റന്റ് തസ്തികകൾ സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് അംഗപരിമിതർക്കായുള്ള കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

ഈ തസ്തികകൾ സൃഷ്ടിക്കുന്നതുമൂലമുള്ള അധിക സാമ്പത്തിക ബാദ്ധ്യത താഴെ വിവരിക്കുന്നു.

രണ്ട് ക്ലാർക്ക് തസ്തികയ്ക്കുള്ള പ്രതിവർഷ ചെലവ് - 2,71,050 x 2 = 5,42,100 രൂപ

രണ്ട് ടൈപ്പിസ്റ്റ് തസ്തികയ്ക്കുള്ള പ്രതിവർഷ ചെലവ് - 2,71,050 x 2 = 5,42,100 രൂപ

ഒരു ഡ്രൈവർ കം ഓഫീസ് അറ്റന്റന്റ് തസ്തികയ്ക്കുള്ള പ്രതിവർഷ ചെലവ് - 2,58,050 രൂപ

ആകെ ചെലവ് - 13,42,250 രൂപ (പതിമൂന്ന് ലക്ഷത്തി നാല്പത്തിരണ്ടായിരത്തി ഇരുന്നൂറ്റി അൻപത് രൂപ മാത്രം)

അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സർക്കാരിന് സാമ്പത്തിക ബാധ്യതയുണ്ടാക്കുന്ന കാര്യമായതിനാൽ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് ടി. വിഷയം പരിശോധിക്കുകയും പ്രൊപ്പോസൽ തൽക്കാലം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തു.

(പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് 1-1-2020-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

## അദ്ധ്യായം VII

സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ.

2019 ഏപ്രിൽ മുതൽ 2020 മാർച്ച് വരെയുള്ള കാലയളവിൽ സമിതി പ്രത്യേക റിപ്പോർട്ടുകൾ ഒന്നും സമർപ്പിച്ചിട്ടില്ല.

എ. കെ. ബാലൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2020 ജൂലൈ 24.

അനുബന്ധം

## 15-5-2019-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2019 മേയ് 15-ാം തീയതി രാവിലെ 11.00 മണിക്ക് നിയമസഭാ മന്ദിരത്തിലെ 610-ാം നമ്പർ സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും . പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ.
2. ശ്രീ. എം. മുകേഷ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. മാത്യുക്കുട്ടി ജി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. വി. ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജാസ്മിൻ പി.എസ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീമതി സുമന എൻ. മേനോൻ, സെക്രട്ടറി, സൈനികക്ഷേമവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ്
2. ശ്രീ. ഷാനവാസ് ഇ., സ്പെഷ്യൽ സെക്രട്ടറി, പട്ടികജാതി വികസന വകുപ്പ്
3. ശ്രീ. ബിജു പ്രഭാകർ, സ്പെഷ്യൽ സെക്രട്ടറി, വിമൻ ആൻഡ് ചൈൽഡ് ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്/സാമൂഹ്യനീതി വകുപ്പ്
4. ശ്രീ. എച്ച്. ഗോപകുമാർ, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (പ്രിസൺസ്)
5. ശ്രീമതി ആർ. താരാദേവി, അഡീഷണൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
6. ശ്രീമതി കെ.എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
7. ശ്രീ. എം.ജി. രഞ്ജിത് കുമാർ, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
8. ശ്രീമതി ആർ. ഷീലാറാണി, അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്

9. ശ്രീ. പി. എൻ. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ്

10. ശ്രീ. എം. രാജേഷ് കുമാർ, ജോയിന്റ് സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്

11. ശ്രീ. ടി. പ്രവീൺ, ജോയിന്റ് സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ്

12. ഡോ. ഒ. സെറീന, ജോയിന്റ് സെക്രട്ടറി, പൊതുഭരണ വകുപ്പ്

13. ശ്രീമതി ബിന്ദു. കെ.കെ, ജോയിന്റ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്

14. ശ്രീ. ക്ലീറ്റസ് ജെ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

15. ശ്രീ. പി. എം. അലി അസ്ഗർ പാഷാ, ഡയറക്ടർ, പട്ടികജാതി വികസന ഡയറക്ടറേറ്റ്

16. ശ്രീ. എ. കിഷൻ, ഡയറക്ടർ -ഇൻ-ചാർജ്ജ്, സൈനികക്ഷേമ വകുപ്പ്

17. ശ്രീമതി ജെ. ജോസഫൈൻ, അസിസ്റ്റന്റ് ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

18. ശ്രീ. എം. ജയൻ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പട്ടികവർഗ്ഗ വികസന വകുപ്പ്

19. ശ്രീ. എൻ. രവികുമാർ, സീനിയർ ഫിനാൻസ് ഓഫീസർ, പ്രിസൺസ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം

20. ശ്രീ. ജി. സുഗതകുമാർ, അണ്ടർ സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ്.

സമിതി എസ്.ആർ.ഒ.യുടെ സാധൂകരണം, ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള ഫയലുകൾ എന്നിവ പരിഗണിച്ചു.

## I. എസ്.ആർ.ഒ. സാധൂകരണം

<u>2015-ലെ മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ചട്ടങ്ങൾ- 2018</u>

(ഫയൽ നമ്പർ: 6481/സബ്.സി.ജി2/2015/നി.സെ.)

2015-ലെ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ചട്ടങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാത്തതിനുള്ള വിശദീകരണം സമിതി അംഗീകരിക്കുകയും, എസ്.ആർ.ഒ. (127/2018) സാധൂകരിക്കുകയും ചെയ്തു. കൂടാതെ ചട്ടം 11-ൽ 'മുന്നോക്ക

സമുദായ സർട്ടിഫിക്കറ്റ് ' സംബന്ധിച്ച് തഹസിൽദാർ അല്ലെങ്കിൽ വില്ലേജ് ഓഫീസർ നൽകുന്ന മുന്നോക്ക സമുദായ സർട്ടിഫിക്കറ്റ് എന്നതിൽ വ്യക്തത വരുത്തി ഭേദഗതി അനിവാര്യമാണെന്ന് സമിതി നിർദ്ദേശിക്കുകയും പ്രസ്തുത ചട്ടത്തിലെ 'തഹസിൽദാർ' അല്ലെങ്കിൽ 'വില്ലേജ് ഓഫീസർ' എന്നത് 'ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ' എന്ന് ഭേദഗതി വരുത്തണമെന്ന് നിയമ വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിക്കുകയും ചെയ്തു. പ്രസ്തുത ഭേദഗതിയോടെ എസ്.ആർ.ഒ. സാധൂകരിച്ചു.

## II. ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളുടെ പരിശോധന

1. 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്

(ഫയൽ നമ്പർ: 1228/സബ്.സി.ജി2/2019/നി.സെ.)

പട്ടികജാതി വികസന വകുപ്പ്

ശിപാർശ നമ്പർ 1, 3, 4, 6 എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ഖണ്ഡിക 6-ന്, സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി അനുകൂലമല്ലെന്ന കാരണത്താൽ അധിക സാമ്പത്തിക ബാധ്യതയിലേക്കുനയിക്കുന്ന പ്രസ്തുത ശിപാർശ ധനവകുപ്പ് അംഗീകരിക്കുകയുണ്ടായില്ല എന്ന് വകുപ്പ് നൽകിയ മറുപടിയിന്മേൽ, ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയിൽ നിന്നുമാണ് ഓരോ വിഭാഗത്തിനും ആനുകൂല്യങ്ങൾ നൽകുന്നതെന്നും, സാമ്പത്തിക ബാധ്യതയുടെ പ്രശ്നം അതിനാൽ ഉണ്ടാകുന്നില്ലെന്നും, പ്രസ്തുത ആനുകൂല്യത്തിൽ നിന്നും പട്ടികജാതി വിഭാഗക്കാരെ ഒഴിവാക്കിയ നടപടി പുനഃപരിശോധിക്കണമെന്നും സമിതി ശിപാർശ ചെയ്തു.

പട്ടികവർഗ്ഗ വികസന വകുപ്പ്

ശിപാർശ നമ്പർ 8, 10, 11

2018-19 സാമ്പത്തിക വർഷം '2225-02-277-52-പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ' എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ വകയിരുത്തിയ 4,00,00,000 രൂപയിൽ (4 കോടി രൂപ മാത്രം) 3,99,51,098 (മൂന്ന് കോടി തൊണ്ണൂറ്റി ഒമ്പത് ലക്ഷത്തി അൻപത്തി ഓരായിരത്തി തൊണ്ണൂറ്റി എട്ട് രൂപ ചെലവഴിച്ചിട്ടുണ്ടെന്നും, അതിനുശേഷം 1,50,00,000 രൂപ (ഒന്നര കോടി രൂപ മാത്രം) റീ അപ്രോപ്രിയേഷനിലൂടെ ആവശ്യപ്പെട്ടെങ്കിലും ധനകാര്യ വകുപ്പ് അനുവദിച്ചിട്ടില്ലെന്നുമുള്ള വിവരം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

ഖണ്ഡിക 8, 10, 11 എന്നീ ഖണ്ഡികയിന്മേൽ സമിതി മുമ്പാകെ വകുപ്പ് സമർപ്പിച്ചിരിക്കുന്നത് സാമ്പത്തിക വർഷാവസാനത്തിനുമുൻപുള്ള കണക്കാണെന്നും, 31-3-2019 വരെ ചെലവാക്കിയ തുക ഉൾപ്പെടുത്തിയുള്ള പുതുക്കിയ നടപടി സ്റ്റേറ്റ്മെന്റ് അടിയന്തരമായി സമിതി മുമ്പാകെ സമർപ്പിക്കണമെന്നും ചെയർമാൻ വകുപ്പിന് നിർദ്ദേശം നൽകി.

<u>ഖണ്ഡിക 12</u>

ഖണ്ഡിക 12 സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റിൽ അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ചതിനുശേഷം ബാക്കി തുകയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കാമെന്ന് പറയുന്നത് പ്രായോഗികമല്ലെന്ന് ചെയർമാൻ വകുപ്പിനെ അറിയിച്ചു. 5,39,00,000 രൂപയുടേയും (അഞ്ച് കോടി മുപ്പത്തൊൻപത് ലക്ഷം രൂപ മാത്രം), 11,51,55,000 രൂപയുടേയും (പതിനൊന്നുകോടി അൻപത്തിയൊന്നുലക്ഷത്തി അൻപത്തി അയ്യായിരം രൂപ മാത്രം) അഡീഷണൽ ഓതറൈസേഷൻ നൽകുകയും ധനകാര്യ വകുപ്പ് പ്രസ്തുത ഫണ്ട് അനുവദിച്ചതായും, ബില്ല് സമർപ്പിച്ചപ്പോൾ അത് ക്യൂവിലായിപ്പോയതായും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

ഇതേത്തുടർന്ന്, ചെലവാക്കിയ തുക ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പുതുക്കിയ നടപടി സ്റ്റേറ്റ്മെന്റ് അടിയന്തരമായി സമിതി മുമ്പാകെ സമർപ്പിക്കേണ്ടതാണെന്ന് ചെയർമാൻ വകുപ്പിന് നിർദ്ദേശം നൽകി.

<u>പിന്നാക്കവിഭാഗ വികസന വകുപ്പ്</u>

ശിപാർശ നമ്പർ 13, 14, 15, 16 എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

<u>ആഭ്യന്തര വകുപ്പ്</u>

ഖണ്ഡിക നമ്പർ 49-ന്മേലുള്ള ശിപാർശ സമിതി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

<u>പൊതുഭരണ (ഫ്രീഡം ഫൈറ്റേഴ്സ്) വകുപ്പ്</u>

ഖണ്ഡിക നമ്പർ 52-ന്മേലുള്ള ശിപാർശ സമിതി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

<u>പൊതുഭരണ (സൈനികക്ഷേമ) വകുപ്പ്</u>

<u>ഖണ്ഡിക നമ്പർ 53</u>

മറുപടി സമിതി അംഗീകരിച്ചു.

<u>ഖണ്ഡിക നമ്പർ 54</u>

2012-13-ലെ ജയ്ജവാൻ ലോട്ടറിയുടെ സെയിൽസ് പ്രൊസീഡ്സ് ലഭിക്കാൻ വളരെയധികം കാലതാമസം നേരിടുന്നുണ്ടെന്നും, ഈ തുകയുടെ 85% മുഖ്യമന്ത്രി ചെയർമാനായ രാജ്യസൈനിക് ബോർഡ് നിയന്ത്രിക്കുന്ന സ്റ്റേറ്റ് മിലിട്ടറി ബെനവലന്റ് ഫണ്ടിലേക്ക് പോകേണ്ടതാണെന്നും, പ്രസ്തുത തുക ലഭിക്കാത്തതിനാൽ നിലവിലുള്ള സ്കീമുകളിൽ നൽകി വരുന്ന വിവിധ സാമ്പത്തിക സഹായങ്ങൾ വർദ്ധിപ്പിക്കാനോ പുതിയ സ്കീമുകൾ ഉൾപ്പെടുത്തുവാനോ കഴിയാത്ത സാഹചര്യമുണ്ടെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. സബ്ജക്ട് കമ്മിറ്റിയുടെ സ്കൂട്ടിനി സമയത്ത് തന്നെ ഇതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നതായും, ആകെ 12.97 കോടി രൂപ ലഭിക്കേണ്ട സ്ഥാനത്ത് 3 കോടി രൂപ മാത്രമാണ് നാളിതുവരെ ലഭിച്ചതെന്നും, 9.97 കോടി രൂപ പെൻഡിംഗ് ആണെന്നും വകുപ്പ് സെക്രട്ടറി തുടർന്നറിയിച്ചു.

ജയ് ജവാൻ ലോട്ടറി നടത്തുന്നത് സ്റ്റേറ്റ് മിലിട്ടറി ബെനവലന്റ് ഫണ്ടിന് മാത്രമാണോ എന്ന് ചെയർമാൻ ആരാഞ്ഞതിനെത്തുടർന്ന് ജയ് ജവാൻ ലോട്ടറിയുടെ തുക ആംഡ് ഫോഴ്സ് ഫ്ലാഗ് ഡേ ഫണ്ടിലേക്കാണ് വരുന്നതെന്നും, അതിന്റെ 85% തുകയാണ് സ്റ്റേറ്റ് മിലിട്ടറി ബെനവലന്റ് ഫണ്ടിലേക്ക് ലഭിക്കാനുള്ളതെന്നും ശിപാർശകൾ നിരവധി തവണ സമർപ്പിച്ചിരുന്നുവെങ്കിലും നാളിതുവരെ തുകയൊന്നും ലഭിച്ചിട്ടില്ലെന്നും സൈനികക്ഷേമ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

സമിതി ശിപാർശ ചെയ്ത കാര്യങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് ലഭ്യമാക്കുന്നില്ലെങ്കിൽ ടി വിഷയം ബഹു. സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടി വരുമെന്ന് അഭിപ്രായപ്പെട്ട സമിതി ധനകാര്യ വകുപ്പിന്റെ അഭിപ്രായമാരാഞ്ഞു.

പ്രൊപ്പോസൽ ലഭിച്ചത് രണ്ട് വ്യത്യസ്ത ഡിമാന്റുകളിലായതിനാൽ അവ ഒരേ ഡിമാന്റിലാക്കി നൽകണമെന്നാവശ്യപ്പെട്ട് ഭരണവകുപ്പിലേക്ക് ഫയൽ അയച്ചിട്ടുണ്ടെന്നും, 2018-19-ൽ ഡിമാന്റ് നമ്പർ 46-ൽ 46 ലക്ഷം രൂപയും, ഡിമാന്റ് നമ്പർ 16-'പെൻഷൻ മിസെല്ലേനിയസ്' എന്നതിൽ 2,83,000 രൂപയും (രണ്ട് ലക്ഷത്തി എൺപത്തി മൂവായിരം രൂപ മാത്രം) ആവശ്യപ്പെട്ടിട്ടുണ്ടെന്നും ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

പ്രസ്തുത വിശദീകരണം തെറ്റാണെന്നും, ഹെഡ് ഓഫ് അക്കൗണ്ട് പോലും വ്യത്യാസമാണെന്നും സൈനികക്ഷേമ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു 9,97,00,000 (ഒൻപത് കോടി തൊണ്ണൂറ്റിഏഴ് ലക്ഷം രൂപ മാത്രം) സൈനികക്ഷേമ വകുപ്പിന് നൽകേണ്ടതില്ലേ എന്ന സമിതിയുടെ ചോദ്യത്തിന് അതിൽ തർക്കമില്ല എന്ന് ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

ഉദ്യോഗസ്ഥർ നിരുത്തരവാദപരമായി സമിതി യോഗങ്ങളിൽ ഹാജരായി വിഷയങ്ങൾ അവതരിപ്പിക്കുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തിയതോടൊപ്പം ഇപ്രകാരം നടപടി സ്വീകരിക്കുന്നതിന്റെ ഉത്തരവാദിത്തം ബന്ധപ്പെട്ട വകുപ്പ് ഏറ്റെടുക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടു.

സ്റ്റേറ്റ് മിലിട്ടറി ബെനവലന്റ് ഫണ്ടിലേക്ക് 2013-ൽത്തന്നെ പ്രസ്തുത തുക പോകേണ്ടതായതിനാൽ അത് അങ്ങനെ തന്നെ ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്തു കൊണ്ട് ഖണ്ഡിക 54 അംഗീകരിച്ചു.

2. <u>2016-17 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്</u>

(ഫയൽ നമ്പർ 441/സബ്.സി.ജി2/2016/നി.സെ.)

ശിപാർശ നമ്പർ 1, 3, 4, 5, 6 എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**III സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയലുകൾ**

1. <u>കേരള ഷെഡ്യൂൾഡ് ട്രൈബ് ഡെവലപ്മെന്റ് സബോർഡിനേറ്റ് സർവ്വീസ് അമെന്റ്മെന്റ് റൂൾസ് 2002 സംബന്ധിച്ച്</u>

(ഫയൽ നമ്പർ 11113/സബ്.സി.ജി2/2011/നി.സെ.)

പട്ടികവർഗ്ഗ വികസനവകുപ്പിലെ വാർഡൻ തസ്തിക, മെയിൽ വാർഡൻ/ഫീമെയിൽ വാർഡൻ എന്ന് വേർതിരിച്ച് യോഗ്യതകൾ പുനർനിർണ്ണയിച്ച് ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശ അടിയന്തരമായി സമർപ്പിക്കണമെന്ന് പട്ടികവർഗ്ഗവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് 16-3-2015-ന് സമിതി ആവശ്യപ്പെട്ടിരുന്നു. എന്നാൽ സമിതി ആവശ്യപ്പെട്ട വിവരം നാളിതുവരെ ലഭ്യമാക്കാതിരുന്നതിനാൽ സമിതി അതൃപ്തി രേഖപ്പെടുത്തിയതോടൊപ്പം ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തു.

2. <u>2009-10 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്-194-ാം ഖണ്ഡികയിലെ ശിപാർശ സംബന്ധിച്ച്</u>

(ഫയൽ നമ്പർ 11115/സബ്.സി.ജി2/15/നി.സെ.)

സമിതിയുടെ ശിപാർശയിന്മേൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ചെയർമാൻ വകുപ്പിന് നിർദ്ദേശം നൽകി.

3. 2016-ലെ കേരള അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിന്റെ ചട്ടം രൂപീകരിക്കുന്നത് സംബന്ധിച്ച്

(ഫയൽ നമ്പർ 879/സബ്.സി.ജി2/16/നി.സെ.)

ചട്ടം രൂപീകരിക്കുന്നതിന് നൽകിയ ശിപാർശ ശരിയായ രീതിയിൽ ആയിരുന്നില്ലെന്നാണ് വകുപ്പിൽ നിന്ന് ലഭ്യമായ മറുപടി എന്നും, സോഷ്യൽ ജസ്റ്റിസ്, വിമൻ ആന്റ് ചൈൽഡ് ഡെവലപ്പ്മെന്റ് എന്നീ വകുപ്പുകൾ വിഭജിച്ചതിനുശേഷം ഈ വിഭാഗത്തിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സസ്പെൻഷനിലാവുകയും അഞ്ച് മാസത്തോളം ഫയൽ നടപടികൾ മുടങ്ങിക്കിടക്കുകയും ചെയ്തതായും സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ചട്ടം ഭേദഗതി ചെയ്താൽ മാത്രമേ വനിത-ശിശു വികസന വകുപ്പിൽ നിന്നും ഒരാളെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിക്കാൻ സാധിക്കുകയുള്ളൂവെന്നതിനാൽ ആയതിന് ഫയൽ നടപടികൾ പൂർത്തീകരിച്ചിരിക്കുകയാണെന്നും ചട്ടങ്ങൾ രൂപീകരിച്ചുകൊണ്ടിരിക്കുകയാണെന്നും സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു. മുൻപുള്ള പ്രൊപ്പോസൽ തൃപ്തികരമല്ലാത്തതിനാൽ ഒരു actuary-യുടെ സേവനം ഉപയോഗപ്പെടുത്തി തയ്യാറാക്കിയ പുതിയ പ്രൊപ്പോസൽ ധനകാര്യ വകുപ്പ് അംഗീകരിക്കുമെന്ന് കരുതുന്നുവെന്നും സ്പെഷ്യൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

2016-ൽ രൂപീകരിക്കപ്പെട്ട ഒരു ആക്ടിന് ചട്ടം രൂപീകരിക്കണമെന്നാവശ്യപ്പെട്ട് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി ഒരു ശിപാർശ ധനകാര്യ വകുപ്പിന് കൊടുത്താൽ ഈ രീതിയിൽ മറുപടി നൽകുന്നത് ശരിയായ സമീപനമല്ലെന്ന് സമിതി ചെയർമാൻ അറിയിച്ചു. നിയമസഭ പാസ്സാക്കിയ ഒരു ആക്ട് നടപ്പിലാക്കുന്നതിന് അതുമായി ബന്ധപ്പെട്ട ചട്ടം രൂപീകരിക്കേണ്ടതുണ്ടെന്നും, 2016-ൽ നിയമസഭ പാസ്സാക്കിയ ഒരു ആക്ടിന് മൂന്ന് വർഷം കഴിഞ്ഞിട്ടും ചട്ടം രൂപീകരിക്കാൻ സാധിക്കാത്തതിനാൽ പ്രസ്തുത ആക്ടിന് പ്രാബല്യമില്ലാതാകുകയും ഉദ്ദേശിച്ച കാര്യം നടപ്പിലാക്കാൻ തടസ്സം നേരിടുകയുമാണെന്നും, പ്രസ്തുത ആക്ടിന്റെ ചട്ട രൂപീകരണത്തിൽ ഇത്തരം പ്രശ്നങ്ങൾ ഉയർന്നുവെങ്കിൽ അത് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവരണമായിരുന്നുവെന്നും ഭരണനിർവ്വഹണ വകുപ്പ് അങ്ങനെയൊരു ശിപാർശ നൽകിയിട്ടില്ലെന്നും ചെയർമാൻ അഭിപ്രായപ്പെട്ടു. ഒരു actuary-യുടെ സഹായത്താൽ വകുപ്പിനുതന്നെ ഇക്കാര്യം ചെയ്യാമായിരുന്നുവെന്നും ചെയർമാൻ അഭിപ്രായപ്പെട്ടു.

ധനകാര്യ വകുപ്പിൽ നിന്നാണ് ഇത്തരമൊരു നിർദ്ദേശം വന്നതെന്നും വകുപ്പ് വിഭജിച്ചതിനാലാണ് നടപടി ക്രമത്തിൽ കാലതാമസമുണ്ടായതെന്നും സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചതിനെത്തുടർന്ന്, ഇതിനായുള്ള നടപടിക്രമങ്ങൾക്ക് രണ്ടോ മൂന്നോ ദിവസം മതിയെന്ന് അഭിപ്രായപ്പെട്ട സമിതി നിയമസഭ നിയമം രൂപീകരിക്കുന്നതുകൊണ്ട് എന്ത് പ്രയോജനമാണ് ഉള്ളതെന്നും ആരാഞ്ഞു.

പ്രൊപ്പോസൽ പുനഃസമർപ്പിക്കാൻ പറഞ്ഞതിനാൽ വകുപ്പ് വീണ്ടും അത് തയ്യാറാക്കുകയാണെന്നും ഇതിനായുള്ള നിർദ്ദേശം 21-12-2018-ലാണ് ധനകാര്യ വകുപ്പ് നൽകിയതെന്നും സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ഒരു ആക്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ചട്ടം രൂപീകരിക്കുമ്പോൾ വകുപ്പിന് മുന്നിലുണ്ടാകുന്ന പ്രതിബന്ധങ്ങൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കണമെന്നും ധനകാര്യ വകുപ്പ് നിരാകരിക്കുന്നതുവരെ മൂന്നുകൊല്ലം കാത്തിരിക്കേണ്ട കാര്യമുണ്ടോ എന്നും ചെയർമാൻ ആരാഞ്ഞു. ഇത് കമ്മിറ്റിയോടുള്ള അവഗണനയാണെന്നും, ആക്ടിൽ actuary-യുടെ സേവനം ഉപയോഗപ്പെടുത്തണമെന്ന് പറയുന്നില്ലെങ്കിൽ അങ്ങനെ വേണമെന്ന് നിർദ്ദേശിക്കാൻ ധനകാര്യ വകുപ്പിന് അധികാരമില്ലെന്നും ചെയർമാൻ അറിയിച്ചു. നിയമസഭയുടെ ഒരു ഭാഗമാണ് സബ്ജക്ട് കമ്മിറ്റിയെന്നും, നിയമസഭ പാസ്സാക്കിയ ഒരു ആക്ട് ചർച്ച ചെയ്യാനാണ് അഡ്മിനിസ്ട്രേറ്റീവ് വകുപ്പുമായി ബന്ധപ്പെട്ട് യോഗം ചേരുന്നതെന്നും, നിയമസഭ ഒരു നിയമം പാസ്സാക്കിയാലും ബന്ധപ്പെട്ട വകുപ്പുകൾക്ക് അവ പാസ്സാക്കാൻ കഴിയില്ലെന്നും ചെയർമാൻ അറിയിച്ചു. Actuary വേണമെന്ന് പറയുന്നത് ശരിയായ സമീപനമല്ലെന്നും, ഇതിനോട് യോജിക്കാൻ കഴിയില്ലെന്നും, ഇക്കാര്യങ്ങളും ഇത് സംബന്ധിച്ചുണ്ടായ കാലതാമസവും ബഹു. സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണെന്നും ചെയർമാൻ നിർദ്ദേശിച്ചു. കൂടാതെ, ഇത് സഭയുടെ അധികാരത്തിന്മേലുള്ള കടന്നുകയറ്റമാണെന്നും ചെയർമാൻ അഭിപ്രായപ്പെട്ടു.

4. <u>2013-14 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോമൻസ് റിപ്പോർട്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച്</u>

(ഫയൽ നമ്പർ 268/സബ്.സി.ജി2/2014/നി.സെ.)

2013-14-ലെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആന്വൽ പെർഫോമൻസ് റിപ്പോർട്ട് നാളിതുവരെ ലഭ്യമാകാത്തത് സമിതി ശ്രദ്ധയിൽപ്പെടുത്തുകയും അക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് വകുപ്പിന്റെ സ്പെഷ്യൽ സെക്രട്ടറി അറിയിക്കുകയും ചെയ്തു.

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയ്ക്കായി 27-2-2019, 11-3-2019, 20-3-2019 എന്നീ തീയതികളിൽ കൂടിയ യോഗങ്ങളുടെ യോഗനടപടിക്കുറിപ്പുകൾ സമിതി അംഗീകരിച്ചു.

യോഗം രാവിലെ 11.45-ന് പിരിഞ്ഞു.

# 1-7-2019-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2019 ജൂലൈ 1-ാം തീയതി തിങ്കളാഴ്ച സഭ പിരിഞ്ഞതിനുശേഷം വൈകുന്നേരം 5.00-മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ, സമിതി ചെയർമാൻ ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശുവികസനവും വകുപ്പ് മന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറും, താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ.
2. ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.
3. ശ്രീ. ഒ. ആർ. കേളു, എം.എൽ.എ.
4. ശ്രീ. എം. മുകേഷ്, എം.എൽ.എ.
5. ശ്രീ. യു. ആർ. പ്രദീപ്, എം.എൽ.എ.
6. ശ്രീ. സി. കെ. ശശീന്ദ്രൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. മാത്യുക്കുട്ടി ജി, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ജാസ്മിൻ പി.എസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. ബിജു പ്രഭാകർ, സ്പെഷ്യൽ സെക്രട്ടറി, വനിത ശിശുവികസനം, സാമൂഹ്യനീതി എന്നീ വകുപ്പുകൾ.

2. ശ്രീമതി ഷീല ജോർജ്, ഡയറക്ടർ, വനിത ശിശുവികസന വകുപ്പ്.

3. ശ്രീമതി ഉഷ റ്റി. നായർ, ജോയിന്റ് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്.

4. ശ്രീ. രാജേഷ് കുമാർ. എം, ജോയിന്റ് സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്.

5. ശ്രീ. ക്ലീറ്റസ് ജെ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

6. ശ്രീമതി അനിത ദാമോദരൻ, സെക്രട്ടറി, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ.

7. ശ്രീമതി സോഫിയ കെ., സീനിയർ ഫിനാൻസ് ഓഫീസർ, സാമൂഹ്യനീതി വകുപ്പ്.

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 1-4-2018 മുതൽ 31-3-2019 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

1. <u>2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ.</u>

(ഫയൽ നമ്പർ 1228/സബ്.സി.ജി.2/2018/നി.സെ.)

<u>പട്ടികജാതി വികസന വകുപ്പ്</u>

ഖണ്ഡിക നമ്പർ 2, 5

സമിതി അംഗീകരിച്ചു.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

ഖണ്ഡിക നമ്പർ 7,9

സമിതി അംഗീകരിച്ചു.

<u>സാമൂഹ്യനീതി വകുപ്പ്</u>

ഖണ്ഡിക നമ്പർ 17-36

സമിതി അംഗീകരിച്ചു.

<u>വനിത ശിശുവികസന വകുപ്പ്</u>

ഖണ്ഡിക നമ്പർ 37-48

സമിതി അംഗീകരിച്ചു.

2. . <u>2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്.</u>

(ഫയൽ നമ്പർ 1228/സബ്.സി.ജി2/2019/നി.സെ.)

ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു

3. <u>1-4-2018 മുതൽ 31-3-2019 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട്</u>

(ഫയൽ നമ്പർ 2519/സബ്.സി.ജി2/2019/നി.സെ.)

ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിയ്ക്കുകയും അംഗീകരിക്കുകയും ചെയ്തു.

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 8, 10, 11, 12 എന്നിവ സമിതിയുടെ 15-5-2019-ലെ യോഗത്തിൽ പരിഗണിച്ച വേളയിൽ നടപടി സ്റ്റേറ്റ്മെന്റിലുള്ള കണക്കുകളിലെ തെറ്റുകൾ തിരുത്തി പുതിയ നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് ആയത് വകുപ്പ് ലഭ്യമാക്കുകയും സമിതി അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റുകൾ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാനും തീരുമാനിച്ചു.

ബഹുമാനപ്പെട്ട സ്പീക്കറുടെ 12-6-2019-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ, കേരള അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റിന്മേൽ ചട്ടം നിർമ്മിക്കുന്നത് സംബന്ധിച്ച 879/സബ്.സി.ജി2/2016/നി.സെ. നമ്പർ ഫയലുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ, കേരള ഷെഡ്യൂൾഡ് ട്രൈബ് ഡെവലപ്പ്മെന്റ് സബോർഡിനേറ്റ് സർവ്വീസ് അമെന്റ്മെന്റ് റൂൾ, 2002 സംബന്ധിച്ച ചട്ടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ എന്നിവ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചട്ട നിർമ്മാണത്തിനുള്ള തുടർനടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും, ഇതിനായി തെളിവെടുപ്പ് യോഗം ചേരുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 1-4-2018 മുതൽ 31-3-2019 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവ 4-7-2019-ന് സഭയിൽ സമർപ്പിക്കുന്നതിന് സമിതി തീരുമാനിച്ചു.

യോഗം വൈകുന്നേരം 5.25-ന് പിരിഞ്ഞു.

## <u>1-8-2019-ലെ യോഗനടപടിക്കുറിപ്പ്</u>

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2019 ആഗസ്റ്റ് 1-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ബി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വനിതശിശുവികസനവും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. ഒ. ആർ. കേളു, എം.എൽ.എ.

2. ശ്രീ. യു. ആർ. പ്രദീപ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. മാത്യുക്കുട്ടി ജി., ജോയിന്റ് സെക്രട്ടറി

2. ശ്രീ. വി. ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീമതി ജാസ്മിൻ പി. എസ്., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. ബിശ്വനാഥ് സിൻഹ, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പ്
2. ശ്രീമതി ഷീബ ജോർജ്ജ്, ഡയറക്ടർ, വനിതശിശുവികസന വകുപ്പ്
3. ശ്രീ. വിജയകുമാർ ടി., സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
4. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ ലോ സെക്രട്ടറി, നിയമവകുപ്പ്
5. ശ്രീമതി കെ. എം. ലീലാമണി, അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
6. ശ്രീ. എ. ഷിബു, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീ. ക്ലീറ്റസ്. ജെ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
8. ശ്രീ. ബി. പ്രതാപചന്ദ്രൻ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
9. ശ്രീ. പ്രവീൺ. ടി, ജോയിന്റ് സെക്രട്ടറി, പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പ്
10. ശ്രീമതി പ്രവദ പി. ആർ., അണ്ടർ സെക്രട്ടറി, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്
11. ശ്രീ. ജയൻ.എം., സീനിയർ അക്കൗണ്ട്സ് ഓഫീസർ, പട്ടികവർഗ്ഗ വികസന വകുപ്പ്.

ബഹു. സ്പീക്കറുടെ 12-6-2019-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ '2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്ട്' 'കേരള ഷെഡ്യൂൾഡ് ട്രൈബ് ഡെവലപ്മെന്റ് സബോർഡിനേറ്റ് സർവ്വീസ് അമെന്റ്മെന്റ് റൂൾസ് 2002' എന്നിവയുടെ കരട് ചട്ടങ്ങൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് സമിതി തെളിവെടുപ്പ് നടത്തി. കൂടാതെ, 'Sexual Harassment of Women at Work Places (Prevention, Prohibition and Redressal) Act, 2013 (Central Act 14 of 2013)' സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് സമർപ്പിച്ച കരട് ചട്ടവും പരിഗണിച്ചു.

1. '2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്ട് സംബന്ധിച്ച കരട് ചട്ടങ്ങൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പിലെ ഉദ്യോഗസ്ഥരിൽ നിന്നുള്ള തെളിവെടുപ്പ്.

നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 238(2) പ്രകാരം നിയമസഭ പാസ്സാക്കുന്ന ഒരു നിയമം വിജ്ഞാപനം ചെയ്തുകഴിഞ്ഞാൽ 90 ദിവസത്തിനകം ചട്ടങ്ങൾ തയ്യാറാക്കി സർക്കാർ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മപരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും മൂന്ന് മാസത്തിനുള്ളിൽ സമിതി അത് പരിശോധിക്കേണ്ടതുമുണ്ടെന്നും, എന്നാൽ 23-2-2016-ൽ വിജ്ഞാപനം ചെയ്ത 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്ടുമായി ബന്ധപ്പെട്ട് 3, 5, 10, 14, 15, 16 എന്നീ വകുപ്പുകൾക്ക് ചട്ടങ്ങൾ രൂപീകരിക്കുന്നതിന് ഇതുവരെ കഴിഞ്ഞിട്ടില്ലെന്നും ബഹു. ചെയർമാൻ ആമുഖമായി അറിയിച്ചു.

ഒരു 'Actuary' ഈ കാര്യങ്ങൾ പരിശോധിക്കണം എന്ന ശിപാർശ ഫിനാൻസ് വകുപ്പിന്റെ ഭാഗത്തുനിന്നുവന്നതുകൊണ്ടാണ് കരട് ചട്ടം പുറപ്പെടുവിക്കുന്നതിന് ഡിലേ വന്നതെന്ന് വകുപ്പ് സെക്രട്ടറി 15-5-2019-ലെ യോഗത്തിൽ സൂചിപ്പിച്ചിരുന്നതായും ചെയർമാൻ ഓർമ്മപ്പെടുത്തി. ചട്ടപ്രകാരം അധികാരമുള്ള കാര്യങ്ങളിൽ മാത്രമേ അഭിപ്രായം പറയാൻ സാധിക്കുകയുള്ളൂ എന്നും അതിനെക്കുറിച്ച് ചില കാര്യങ്ങൾ കഴിഞ്ഞ യോഗത്തിൽ സൂചിപ്പിച്ചത് നടപടിക്രമങ്ങളുടെ ഭാഗമായിട്ടുണ്ടെന്നും, അതിന്റെ ഭാഗമായി ബഹു. സ്പീക്കർ ശക്തമായ റൂളിംഗ് നൽകിയിട്ടുണ്ട് എന്നും ചെയർമാൻ അറിയിക്കുക യുണ്ടായി.

2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ക്ഷേമനിധി ചട്ടങ്ങളുമായി ബന്ധപ്പെട്ട് മൂന്ന് വർഷം കഴിഞ്ഞിട്ടും ചട്ടം രൂപീകരിക്കാൻ കഴിഞ്ഞില്ലെന്നത് അപമാനകരവും നിയമസഭയോടുള്ള അവഹേളനവും, ഭരണ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയുമാണെന്ന് ചെയർമാൻ അഭിപ്രായപ്പെട്ടു. ചട്ട രൂപീകരണം സംബന്ധിച്ച് എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അവ പരിശോധിക്കുന്നതിന് സമിതിക്ക് അധികാര മുണ്ടെന്നും എത്രയും വേഗം കരട് ചട്ടം സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ട താണെന്നും ചെയർമാൻ നിർദ്ദേശിച്ചു.

2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്ടുമായി ബന്ധപ്പെട്ട കരട് ചട്ടം പുറപ്പെടുവിക്കാത്തത് സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പിന്റെ വിശദീകരണം സമിതി ആരാഞ്ഞപ്പോൾ 2016-ൽത്തന്നെ ക്ഷേമനിധി ബോർഡ് രൂപീകരിച്ച് കമ്മിറ്റി അംഗങ്ങളെ നിശ്ചയിച്ചിരുന്നെങ്കിലും പിന്നീട് ആക്ടിൽ വരുത്തിയ ഭേദഗതിയനുസരിച്ച് ബോർഡിനെ പുനഃസംഘടിപ്പിക്കുകയും 4, 14, 15, 16, 23 എന്നീ സെക്ഷനുകൾ പ്രകാരം കരട് ചട്ടം രൂപീകരിച്ച് നിയമ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെന്നും സാമൂഹ്യനീതി വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

സെക്ഷൻ '3' പ്രകാരമാണ് ക്ഷേമനിധി പദ്ധതി രൂപീകരിക്കേണ്ടതെന്നും, അംഗങ്ങൾക്ക് കൊടുക്കേണ്ട ആനുകൂല്യങ്ങളെക്കുറിച്ചും വായ്പകളെക്കുറിച്ചുമെല്ലാം പ്രതിപാദിക്കുന്ന ക്ഷേമനിധി പദ്ധതിയിൽ സാമ്പത്തിക ബാധ്യത വരുന്ന കാര്യങ്ങൾ ഉൾപ്പെടുന്ന സാഹചര്യത്തിലാണ് ഒരു 'actuary' യുടെ സേവനം തേടണമെന്ന് ഫിനാൻസ് വകുപ്പ് പറഞ്ഞിട്ടുള്ളതെന്നും, പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അന്തിമറിപ്പോർട്ട് വകുപ്പിൽ ഇതുവരെ ലഭ്യമായിട്ടില്ലെന്നും സാമൂഹ്യനീതി വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ഈ കാര്യം അംഗീകരിക്കാൻ കഴിയില്ലെന്നും 'actuary' യുടെ സേവനം തേടാൻ തുടങ്ങിയിട്ട് മൂന്ന് കൊല്ലമായി എന്ന കാര്യവും ചെയർമാൻ ശ്രദ്ധയിൽപ്പെടുത്തി. ഇതേ തുടർന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ട് മൂന്ന് കൊല്ലം ആയിട്ടില്ലെന്നും 'actuary' യുടെ സേവനം തേടിയത് സമീപകാലത്താണെന്നും അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി.

നിയമം രൂപീകരിച്ചശേഷം 'actuary' എന്നൊരു സംവിധാനം ഇതിൽ വേണമെന്ന് പറയാൻ ഫിനാൻസ് വകുപ്പിന് യാതൊരു അധികാരവുമില്ലെന്നും, ആക്ടിന്റെ ഭാഗമായിത്തന്നെ സാമ്പത്തിക ബാധ്യതയുണ്ടെന്ന് ഫിനാൻസ് വകുപ്പ് കൃത്യമായി മെമ്മോറാണ്ടം നൽകുന്നുണ്ടെന്നും, അതിനകത്ത് actuary എന്ന് പറയുന്നില്ലെന്നും സാമ്പത്തിക ബാധ്യതയുണ്ടോ, ഇല്ലയോ എന്നുള്ള വിശദീകരണ കുറിപ്പ് നിയമസഭയുടെ മുൻപിൽ വച്ചതിനുശേഷമാണ് ആക്ട് പാസ്സാക്കുന്നതെന്നും, ഈ സാഹചര്യത്തിൽ ഫിനാൻസ് വകുപ്പിന്റെ അംഗീകാരം വീണ്ടും വാങ്ങേണ്ട ആവശ്യമില്ലെന്നും ചെയർമാൻ അറിയിച്ചു. ഈ രീതിയിലുള്ള ഒരു നിയമനിർമ്മാണം ഇതുവരെ എവിടെയും നടത്തിയിട്ടില്ലെന്നും ബാധ്യതയുണ്ട് എന്ന് ഫിനാൻസ് വകുപ്പ് പറഞ്ഞാൽ ചട്ടം രൂപീകരിക്കേണ്ട എന്നല്ല അർത്ഥമെന്നും ക്ഷേമ പദ്ധതിയുമായി ബന്ധപ്പെട്ട് ബാധ്യതയുണ്ടാകുമെന്ന് വകുപ്പുമന്ത്രി നിയമസഭയിൽ പറഞ്ഞിട്ടുള്ളതും അതിനുള്ള മെമ്മോറാണ്ടം ഫിനാൻസ് വകുപ്പ് കൊടുത്തിട്ടുള്ളതുമാകയാൽ ഇതിൽ അവ്യക്തതയുടെ കാര്യമില്ലെന്നും നിർബന്ധമായും ഒരു മാസത്തിനുള്ളിൽ ചട്ടം രൂപീകരിച്ച് സമിതി മുമ്പാകെ സമർപ്പിക്കണമെന്നും അല്ലെങ്കിൽ പ്രിവിലേജ് നടപടി സ്വീകരിക്കുന്നതാണെന്നും ചെയർമാൻ വകുപ്പിനെ അറിയിച്ചു.

II. <u>'കേരള ഷെഡ്യൂൾഡ് ട്രൈബ് ഡെവലപ്മെന്റ് സബോർഡിനേറ്റ് സർവ്വീസ് അമെന്റ്മെന്റ് റൂൾസ് 2002' സംബന്ധിച്ച കരട് ചട്ടങ്ങൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥരിൽ നിന്നുള്ള തെളിവെടുപ്പ്.</u>

സമിതിയുടെ 18-6-2004-ലെ യോഗത്തിൽ കരട് ചട്ടങ്ങൾ പരിഗണിച്ച അവസരത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ ഹോസ്റ്റലുകളിൽ 'വാർഡൻ' എന്നതിനു പകരം 'റെസിഡന്റ് ട്യൂട്ടർ' എന്ന് ഭേദഗതി ചെയ്ത് പുതിയ ചട്ടം കൊണ്ടുവരണമെന്നാണ്

വകുപ്പിലെ ഉദ്യോഗസ്ഥർ അറിയിച്ചതെന്നും അതിന്റെ ഭാഗമായി നിലവിലുണ്ടായിരുന്ന ചട്ടം പിൻവലിച്ച് പുതിയ ചട്ടം കൊണ്ടുവരാൻ തീരുമാനിച്ചതായും ചെയർമാൻ അറിയിച്ചു പുതിയ ചട്ടം വരുന്നതുവരെ നിലവിലുള്ള ചട്ടപ്രകാരം നടപടികൾ തുടരാം എന്ന ഉറപ്പിൻമേൽ നിർദ്ദിഷ്ട കരട് ചട്ടം പിൻവലിക്കാൻ സമിതി അനുവാദം നൽകിയിരുന്നെങ്കിലും നാളിതുവരെ ഭേദഗതി ചെയ്ത് ചട്ടം പുറപ്പെടുവിച്ചിട്ടില്ലെന്നും ബഹു. ഹൈക്കോടതിയിൽ ഇത് സംബന്ധിച്ച് കേസുണ്ടായതാണ് ഇതിന് കാരണമെന്നും ഈ കേസിന്റെ 5-11-2013-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗവികസന വകുപ്പിലെ വാർഡൻ തസ്തിക മെയിൽ വാർഡൻ/ഫീമെയിൽ വാർഡൻ എന്നിങ്ങനെ വേർതിരിച്ച് യോഗ്യതകൾ നിർണ്ണയിച്ച് ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശ അടിയന്തരമായി സമർപ്പിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അതുകൊണ്ട് ആ വിഷയത്തിൽ കോടതി പ്രശ്നം നിലവിലില്ല എന്നും ചെയർമാൻ സമിതിയെ അറിയിച്ചു. കരട് ചട്ടം ആവശ്യപ്പെട്ടുകൊണ്ട് നിരവധി കത്തുകൾ വകുപ്പിലേയ്ക്ക് അയച്ചെങ്കിലും നാളിതുവരെ ആയത് ലഭ്യമാക്കാത്തതിന്റെ വിശദീകരണം ബന്ധപ്പെട്ട വകുപ്പിൽ നിന്നും സമിതി ആരാഞ്ഞു.

മോഡൽ റസിഡൻഷ്യൽ സ്കൂളിലെ വാർഡൻ തസ്തിക, ക്ലറിക്കൽ ഗ്രേഡ് തസ്തികയായാണ് നേരത്തെയുള്ള ചട്ടങ്ങളിൽ പറഞ്ഞിരുന്നതെന്നും, ആ തസ്തികയെ മെയിൽ/ ഫീമെയിൽ വാർഡൻ എന്നാക്കി മാറ്റണമെന്ന 2002-ലെ ഡ്രാഫ്റ്റ് റൂൾസ് ബഹുമാനപ്പെട്ട കമ്മിറ്റി മുമ്പാകെ വകുപ്പ് ഹാജരാക്കിയിരുന്നതായും ഇതിൽ ഷെഡ്യൂൾഡ് കാസ്റ്റ് ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റും ഉൾപ്പെടുമെന്നും, മറ്റ് വകുപ്പുകളിലെ വാർഡൻ തസ്തിക സംബന്ധിച്ച തീരുമാനങ്ങൾ എങ്ങനെയാണെന്ന് മനസ്സിലാക്കുകയും അവിടെ വാർഡൻ തസ്തിക മാറ്റി റെസിഡന്റ് ട്യൂട്ടർ ആയതിനുശേഷം ഷെഡ്യൂൾഡ് കാസ്റ്റ് ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റിലും മാറ്റം വരുത്താമെന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി. ഹോസ്റ്റലിലെ താമസക്കാരായ കുട്ടികൾക്ക് അക്കാദമിക് ഗൈഡൻസ് ലഭിക്കുന്നതിന് ഈ തീരുമാനം ഗുണകരമാകുമെന്നും, ക്ലറിക്കൽ കേഡറാണെങ്കിൽ വാർഡൻ എന്ന തസ്തിക മാത്രമേ സാദ്ധ്യമാകൂ എന്നും ഇതിന്റെ അടിസ്ഥാനത്തിൽ 2004-ൽ 'വാർഡൻ' തസ്തിക മാറ്റി 'റെസിഡന്റ് ട്യൂട്ടർ' ആക്കണമെന്ന നിർദ്ദേശം വയ്ക്കുകയും അന്നത്തെ ഡയറക്ടർ സബ്ജക്ട് കമ്മിറ്റി മുമ്പാകെ ആ പ്രൊപ്പോസൽ സമർപ്പിക്കുകയും, കോടതിയിൽ ഇത് ചോദ്യം ചെയ്യപ്പെട്ടുവെങ്കിലും 2013-ൽ കേസിന്റെ അന്തിമവിധി പ്രകാരം വാർഡൻ തസ്തികയെ മെയിൽ/ഫീമെയിൽ വാർഡൻ എന്നിങ്ങനെ വിഭജിച്ച് റൂൾ രൂപീകരിക്കണമെന്നും അതനുസരിച്ച് ചട്ടങ്ങൾ ഭേദഗതി ചെയ്യണമെന്നും തീരുമാനമുണ്ടായതായും പ്രസ്തുത ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു

തസ്തികയുടെ പേരിനല്ല യോഗ്യതയുടെ കാര്യത്തിലാണ് തീരുമാനമുണ്ടാകേണ്ടതെന്നും തസ്തികയുടെ യോഗ്യത ക്ലറിക്കൽ ഗ്രേഡിന്റേതോ, അക്കാദമിക് ഇൻപുട്ടുള്ളതോ, ഏതായിരിക്കണമെന്നതിൽ ഡിപ്പാർട്ട്മെന്റ് തലത്തിൽ ചർച്ചകൾ നടന്നെന്നും മെയിൽ/ഫീമെയിൽ എന്ന് വേർതിരിക്കുകയും പെൺകുട്ടികളുടെ ഹോസ്റ്റലിൽ ഫീമെയിൽ വാർഡനും മിക്സഡ് ആണെങ്കിൽ മെയിൽ വാർഡനും ഒരു ജൂനിയർ ഫീമെയിൽ വാർഡനും എന്ന രീതിയിൽ പോസ്റ്റുകൾ വിഭജിക്കാമെന്ന് തീരുമാനമുണ്ടായതായും പ്രസ്തുത ഉദ്യോഗസ്ഥൻ അറിയിച്ചു. അക്കാദമിക് യോഗ്യതയുള്ള വാർഡൻ-കം-ടീച്ചർ എന്നൊരു തസ്തിക നിലവിലുള്ളതിനാൽ ക്ലറിക്കലിനുപകരം ഈ തസ്തികയുടെ യോഗ്യത ഉൾപ്പെടുത്തി വാർഡൻ-കം-ടീച്ചർ എന്ന തസ്തിക എല്ലാ എം.ആർ.എസുകളിലും സൃഷ്ടിക്കുകയും നിലവിലെ ക്ലറിക്കൽ ഗ്രേഡിലുള്ള വാർഡൻ തസ്തിക നീക്കം ചെയ്യണമെന്നുള്ള പ്രൊപ്പോസൽ ഒരു മാസത്തിനുള്ളിൽ കമ്മിറ്റി മുമ്പാകെ ഹാജരാക്കുമെന്നും അത്തരത്തിലുള്ള ഒരു ചർച്ച നിയമ വകുപ്പുമായി നടന്നിട്ടുണ്ടെന്നും ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. ഇപ്പോഴുള്ള വാർഡൻമാർ ക്ലറിക്കൽ ഗ്രേഡിലുള്ളവരാണെന്നത് ഒരു പ്രശ്നമാണെന്നും, നിലവിലെ തസ്തിക അബോളിഷ് ചെയ്യുകയും പുതിയ തസ്തിക നിലവിൽ വരികയും ചെയ്യുമ്പോൾ അവരെ അവിടെ നിന്നും മാറ്റി പുതിയ സ്ഥലങ്ങളിൽ നിയമിക്കേണ്ടി വരുമെന്നും, അതിനായി വകുപ്പുതല തീരുമാനവും ബന്ധപ്പെട്ട വകുപ്പുമന്ത്രിയുടെ അനുവാദവും ലഭിക്കേണ്ടതുണ്ടെന്നും നിലവിൽ മന്ത്രിതലത്തിൽ ഈ വിഷയം ചർച്ച ചെയ്യപ്പെട്ടിട്ടില്ലെന്നും നിലവിലുള്ള ഒഴിവുകളിൽ അവരെ അബ്സോർബ് ചെയ്യുകയോ തസ്തികകളില്ലെങ്കിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമിക്കുകയോ ചെയ്യേണ്ടിവരുമെന്നും ഉദ്യോഗസ്ഥൻ അറിയിച്ചു ഭരണപരമായ തീരുമാനമായതിനാൽ ഇക്കാര്യം സർക്കാർ ചെയ്യേണ്ടതാണെന്നും ചട്ടത്തിന്റെ കരട് ഒരു മാസത്തിനുള്ളിൽ ബഹു. കമ്മിറ്റി മുമ്പാകെ ഹാജരാക്കുന്നതാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

മെയിൽ വാർഡൻ/ഫീമെയിൽ വാർഡൻ എന്നിങ്ങനെ വേർതിരിച്ച് യോഗ്യതകൾ നിശ്ചയിച്ച് പ്രൊപ്പോസൽ സമർപ്പിക്കാനാണോ വകുപ്പ് ഉദ്ദേശിക്കുന്നതെന്ന് ചെയർമാൻ ആരാഞ്ഞതിനെത്തുടർന്ന് തസ്തികയുടെ പേര് ക്ലറിക്കൽ വാർഡൻ എന്നതിനു പകരം വാർഡൻ-കം-ടീച്ചർ എന്നാകുമെന്നും ഇങ്ങനെയൊരു തസ്തിക നിലവിലുണ്ടെന്നും അതിന്റെ യോഗ്യത തന്നെ ഇവിടെയും ബാധകമാകുമെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

നിർബന്ധമായും ഒരു മാസത്തിനുള്ളിൽ ചട്ടം സമിതി മുമ്പാകെ സമർപ്പിക്കണമെന്ന് ചെയർമാൻ വകുപ്പിനെ അറിയിക്കുകയും സമർപ്പിക്കാമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി ഉറപ്പുനൽകുകയും ചെയ്തു.

III. Sexual Harassment of Women at Work Places (Prevention, Prohibition and Redressal) Act, 2013, (Central Act 14 of 2013) സംബന്ധിച്ച കരട് ചട്ടങ്ങളുടെ പരിഗണന

ഈ വിഷയത്തിൽ ജില്ലാതല സമിതികൾ സ്ഥാപിക്കേണ്ടതാണെന്ന അറിയിപ്പോടുകൂടി ഗവൺമെന്റ് ഓഫ് ഇന്ത്യയിൽ നിന്നും ചുമതലപ്പെട്ട മന്ത്രിയുടെയും ആഭ്യന്തരവകുപ്പമന്ത്രിയുടെയും 8 കത്തുകൾ ഇതുവരെ ലഭിച്ചിട്ടുണ്ടെന്നും ചട്ടങ്ങൾക്ക് അന്തിമരൂപം നൽകാത്തതിനാലാണ് ജില്ലാതല സമിതികൾ രൂപീകരിക്കാത്തതെന്നും, ജില്ലാ കളക്ടർ ചെയർമാനായോ അല്ലെങ്കിൽ മറ്റൊരു ചെയർമാൻഷിപ്പിലോ ജില്ലാ സമിതികൾ രൂപീകരിക്കണമെന്നത് കേന്ദ്ര നിയമത്തിലെ ഒരു പ്രധാന പ്രൊവിഷനാണെന്നും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. അടിയന്തരമായി ഇത് സംബന്ധിച്ച മറുപടി കേന്ദ്രഗവൺമെന്റ് നൽകേണ്ടതുണ്ടെന്നും, കമ്മിറ്റി രൂപീകരിക്കണമെന്നത് സുപ്രീംകോടതി നിർദ്ദേശമാണെന്നും, ചട്ടങ്ങൾക്ക് ഇതുവരെ അന്തിമരൂപം നൽകിയിട്ടില്ലെന്നും ചട്ടരൂപീകരണം നടന്നശേഷം ജില്ലാതല സമിതികൾ രൂപീകരിക്കുമെന്നുമാണ് നാം മറുപടി കൊടുത്തിരിക്കുന്നതെന്നും, ഇതിനൊരു വ്യക്തത നൽകേണ്ടതുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

ജില്ലാതല കമ്മിറ്റി രൂപീകരിക്കാൻ ചട്ടം വേണമെന്നില്ലെന്നും, ഇക്കാര്യം വളരെ സാവധാനത്തിലാണ് മുൻപ് കൈകാര്യം ചെയ്തതെന്നും, ഈ ഗവൺമെന്റ് വന്നശേഷം രണ്ട് തവണ മീറ്റിംഗ് കൂടി ലോക്കൽ കമ്മിറ്റികൾ രൂപീകരിക്കണമെന്ന് തീരുമാനിച്ചിരുന്നതായും, അവ രൂപീകരിച്ച് തുടങ്ങിയിട്ടുണ്ടെങ്കിലും എല്ലാ ജില്ലകളിലും കമ്മിറ്റികളായിട്ടില്ലെന്നും, അക്കാര്യത്തിൽ വേഗത കൂട്ടേണ്ടതുണ്ടെന്നും ബഹു. എക്സ്-ഒഫീഷ്യോ അംഗം അറിയിച്ചു.

വകുപ്പിന് ലഭിച്ച നോട്ടനുസരിച്ച് ഒരു തെറ്റായ മറുപടിയാണ് ഗവൺമെന്റ് ഓഫ് ഇന്ത്യയിലേക്ക് പോയിട്ടുള്ളതെന്നും, ചട്ടങ്ങൾക്കുവേണ്ടി കാത്തിരിക്കുകയാണെന്നത് മാറ്റി ഒരു റിവൈസ്ഡ് ലെറ്റർ ഗവൺമെന്റ് ഓഫ് ഇന്ത്യയിലേക്ക് കൊടുക്കാമെന്നും സാമൂഹ്യനീതി വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

അത് തെറ്റായ ഒരു വിവരമാണെന്നും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പതിനാല് ജില്ലകളിലും ലോക്കൽ കമ്മിറ്റികൾ നേരത്തെതന്നെ രൂപീകരിച്ചിട്ടുണ്ടെന്നും, അങ്ങനെ തന്നെയാണ് സെൻട്രൽ ഗവൺമെന്റിലേക്ക് മറുപടി നൽകിയതെന്നും വനിത ശിശുവികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

കമ്മിറ്റി രൂപീകരിക്കാത്തതിന് കാരണം ചട്ടങ്ങൾക്ക് അന്തിമരൂപം നൽകാത്തതുകൊണ്ടാണെന്ന് മറുപടി നൽകിയിട്ടുണ്ടോ എന്ന് ബഹു. എക്സ്-ഓഫീഷ്യോ അംഗം വകുപ്പിനോടാരാഞ്ഞതിനെത്തുടർന്ന്, അങ്ങനെയൊരു പ്രശ്നം നിലവിലില്ലെന്നും, കമ്മിറ്റി രൂപീകരിക്കാൻ ചട്ടം ആവശ്യമില്ലെന്നും ആക്ടിൽത്തന്നെ കമ്മിറ്റിയെക്കുറിച്ച് പറയുന്നുണ്ടെന്നും വനിത ശിശുവികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

ചട്ടം രൂപീകരിക്കുന്നതിനുള്ള ഏജൻസി ഡയറക്ടറേറ്റ് അല്ലേയെന്ന് ചെയർമാൻ വകുപ്പിനോട് ആരായുകയും, Directorate of Women and Child Development ആണ് ഏജൻസിയായി പ്രവർത്തിക്കുന്നതെന്നും, കൂടാതെ ഇന്റേണൽ കമ്മിറ്റികളും ലോക്കൽ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ടെന്നും വനിത ശിശുവികസന വകുപ്പ് ഡയറക്ടർ ചെയർമാന് മറുപടി നൽകുകയും ചെയ്തു. ഐ.സി.ആന്റ് എൽ.സി. കൾ നിലവിലുണ്ട് എന്നും ഐ.സി. പൂർണ്ണമായിട്ടില്ലെന്നും ബഹു. എക്സ്-ഓഫീഷ്യോ അംഗം അറിയിച്ചു എൽ.സി. പൂർണ്ണമായിട്ടുണ്ടെന്നും, ചില ഡിപ്പാർട്ട്മെന്റിൽ ഐ.സി. രൂപീകരിക്കപ്പെട്ടിട്ടില്ലെന്നും വനിത ശിശുവികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

സ്ഥാപനതല കമ്മിറ്റി അഥവാ ഐ.സി.യാണ് പൂർണ്ണമാകാത്തതെന്നും, എൽ.സി. എന്നത് ജില്ലാകളക്ടർ അദ്ധ്യക്ഷനായ ജില്ലാതല കമ്മിറ്റിയാണെന്നും അവ പൂർണ്ണമായും രൂപീകരിച്ചിട്ടുണ്ടെന്നും ബഹു.എക്സ് ഒഫീഷ്യോ അംഗം അറിയിച്ചു.

ചർച്ചകൾക്കൊടുവിൽ കരട് ചട്ടം ഭേദഗതി കൂടാതെ അംഗീകരിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.20-ന് അവസാനിച്ചു.

## 23-10-2019-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2019 ഒക്ടോബർ മാസം 23-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളനഹാളിൽ സമിതി ചെയർമാനും, ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. എ. കെ. ബാലന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും, ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശുവികസനവും വകുപ്പുമന്ത്രിയുമായ ശ്രീമതി കെ. കെ. ശൈലജ ടീച്ചറും, സമിതി അംഗമായ ശ്രീ. സി. കെ. ശശീന്ദ്രൻ, എം.എൽ.എ.യും ഹാജരായിരുന്നു.

നിയമസഭാ സെക്രട്ടേറിയറ്റ്

1) ശ്രീ. വി. ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി.

2) ശ്രീമതി ജാസ്മിൻ പി. എസ്., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1) ശ്രീമതി ശാരദ മുരളീധരൻ, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി/പട്ടികവർഗ്ഗ പിന്നാക്ക സമുദായ വികസന വകുപ്പ്.

2) ശ്രീമതി പി. ഐ. ശ്രീവിദ്യ, ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്.

3) ശ്രീമതി കെ. എം. ലീലാമണി, അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.

4) ശ്രീമതി എസ്. സന്ധ്യ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

5) ശ്രീ. സുരേഷ്കുമാർ പി. എൻ, അഡീഷണൽ സെക്രട്ടറി, പിന്നാക്കവിഭാഗ വികസന വകുപ്പ്.

6) ശ്രീ. ആർ. ഷിബു., ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്കവിഭാഗ വികസന വകുപ്പ്.

7) ശ്രീ. രമേശ് ടി., രജിസ്ട്രാർ, കേരള പിന്നാക്കവിഭാഗ കമ്മീഷൻ.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച് ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം പിന്നാക്കവിഭാഗ വികസന വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്ട്-കരട് ചട്ടം പരിഗണിക്കുകയും ചെയ്തു.

## I പിന്നാക്കവിഭാഗ വികസന വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച ചർച്ച

പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനും പുരോഗതിക്കുമായി 2011-ൽ ആണ് ഒരു പ്രത്യേക വകുപ്പ് രൂപീകരിച്ചത് എന്നും പ്രസ്തുത വകുപ്പിന് എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി രണ്ട് മേഖലാ ഓഫീസുകളുണ്ടെന്നും, പിന്നാക്കവിഭാഗ വികസന വകുപ്പ്, പിന്നാക്കവിഭാഗ കമ്മീഷൻ, പിന്നാക്കവിഭാഗ കോർപ്പറേഷൻ, ക്രിസ്ത്യൻ പരിവർത്തിതർക്കുവേണ്ടിയുള്ള കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളാണ് ഈ സെക്ടറിൽ പ്രവർത്തിക്കുന്നതെന്നും, രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതത്തിലുൾപ്പെട്ട പ്രസ്തുത സ്ഥാപനങ്ങൾക്ക് സംസ്ഥാന വിഹിതമായ 114 കോടി രൂപയാണ് മാറ്റി വച്ചിട്ടുള്ളതെന്നും 88.20 കോടി രൂപയുടെ 9 പദ്ധതികളിൽ രണ്ട് കോർപ്പറേഷനുകൾക്കായി 21.80 കോടി രൂപയാണ് ചെലവ് വരുന്നതെന്നും, ശേഷിക്കുന്ന 66.40 കോടി രൂപ സംസ്ഥാന പദ്ധതികൾക്ക് വേണ്ടിയാണെന്നും, പിന്നാക്കവിഭാഗ കോർപ്പറേഷന് 14.30 കോടി രൂപയും, ക്രിസ്ത്യൻ പരിവർത്തിത കോർപ്പറേഷന് 7.5 കോടി രൂപയുമാണ് മാറ്റിവച്ചിട്ടുള്ളത് എന്നും, വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന വിഹിതത്തിൽ 90 ശതമാനത്തോളം തുക എല്ലാ വർഷവും ചെലവഴിക്കുന്നുണ്ടെന്നും, പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ വ്യക്തമാക്കി.

പിന്നാക്ക സമുദായ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലൈവ്‌ലിഹുഡ്, കുട്ടികൾക്ക് സ്കോളർഷിപ്പ് എന്നിവയ്ക്ക് നൽകുന്ന പദ്ധതികളും വകുപ്പിന്റെ മോഡണൈസേഷൻ പദ്ധതികളും പോസ്റ്റ് മെട്രിക് ഹോസ്റ്റലിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയുമുണ്ട് എന്നും പ്രീമെട്രിക് സ്കോളർഷിപ്പിനുള്ള 50 ശതമാനം ഫണ്ട് സെൻട്രൽ ഗവൺമെന്റും ബാക്കി സംസ്ഥാന ഗവൺമെന്റുമാണ് വഹിക്കുന്നത് എന്നും പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾക്ക് 40 ശതമാനമാണ് സ്റ്റേറ്റ് വിഹിതമെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പിന്നാക്കവിഭാഗ വികസനവുമായി ബന്ധപ്പെട്ട 15 സ്കീമുകളാണ് നിലവിലുള്ളതെന്നും, പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിനാവശ്യമായ കേന്ദ്രസഹായത്തിനായി അഭ്യർത്ഥിച്ചപ്പോൾ ഈ വിഷയം സംബന്ധിച്ച് പിന്നാക്കവിഭാഗ വികസന വകുപ്പിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞതെന്നും ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കും ആൺകുട്ടികൾക്കുമായി ഓരോ ജില്ലയിലും ഓരോ ഹോസ്റ്റൽ ലഭ്യമാക്കുന്നതിന് പ്രൊപ്പോസൽ നൽകണമെന്ന നിർദ്ദേശമാണ് കേന്ദ്രത്തിൽ നിന്ന് ലഭ്യമായതെന്നും സമിതി അഭിപ്രായപ്പെട്ടു. അനുമതി ലഭ്യമായ സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് ആവശ്യമെങ്കിൽ കുറച്ച് ഫണ്ട് കൂടി കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടാമെന്നും, പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിൽ ആദ്യം യൂണിവേഴ്സിറ്റികളെയും, പുറമെ പ്രധാനപ്പെട്ട കോളേജുകളായ തലശ്ശേരി ബ്രണ്ണൻ കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് എന്നിവയെയും തിരഞ്ഞെടുക്കാമെന്നും സമിതി അഭിപ്രായപ്പെട്ടു.

**II കരട് ചട്ടം പരിഗണന**

2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റ്.

(ഫയൽ നമ്പർ 879/സബ്.സി.ജെ2/2016/നി.സെ.)

2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും, അങ്കണവാടി ഹെൽപ്പർ മാരുടെയും ക്ഷേമനിധി ആക്റ്റ് സംബന്ധിച്ച കരട് ചട്ടം ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

**III 12-6-2019-ലെ ബഹു. സ്പീക്കറുടെ റൂളിംഗിന്മേലുള്ള പ്രസ്താവന**

കേരള ഷെഡ്യൂൾഡ് ട്രൈബ്സ് ഡെവലപ്മെന്റ് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) റൂൾസ് 2002 പരിഗണിക്കുന്നത് സംബന്ധിച്ച്.

(ഫയൽ നമ്പർ 11113/സബ്.സി.ജെ2/2011/നി.സെ.)

പ്രസ്തുത കരട് ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയുടെ വിശദീകരണം ആരായുന്നതിനും കരട് ചട്ടം അടിയന്തരമായി ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിച്ചു.

സമിതിയോഗം ഉച്ചയ്ക്ക് ശേഷം 3.15-ന് പിരിഞ്ഞു.

## 29-10-2019-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2019 ഒക്ടോബർ മാസം 29-ാം തീയതി, ചൊവ്വാഴ്ച സഭ പിരിഞ്ഞതിന് ശേഷം രാവിലെ 11.20-ന് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശുവികസനവും വകുപ്പുമന്ത്രിയുമായ ശ്രീമതി കെ. കെ. ശൈലജ ടീച്ചറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം. എൽ. എ.

2) ശ്രീ. അൻവർ സാദത്ത്, എം. എൽ. എ.

3) ശ്രീമതി സി. കെ. ആശ, എം. എൽ. എ.

4) ശ്രീ. ഒ. ആർ. കേളു, എം. എൽ. എ.

5) ശ്രീ. യു. ആർ. പ്രദീപ്, എം. എൽ. എ.

6) ശ്രീ. സി. കെ. ശശീന്ദ്രൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1) ശ്രീ. മാത്യുക്കുട്ടി ജി, ജോയിന്റ് സെക്രട്ടറി.

2) ശ്രീ. വി. ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി.

3) ശ്രീമതി ജാസ്മിൻ പി. എസ്., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1) ശ്രീ. ബിജു പ്രഭാകർ, സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.

2) ശ്രീ. ടി. വിജയകുമാർ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.

3) ശ്രീമതി അനുപമ ടി. വി, ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ്.

4) ശ്രീ. ബി. പ്രതാപചന്ദ്രൻ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

സമിതി, 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതി അംഗങ്ങളായ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം. എൽ. എ., ശ്രീ. അൻവർ സാദത്ത്, എം. എൽ. എ. എന്നിവർ വിയോജനക്കുറിപ്പ് നൽകി.

യോഗം രാവിലെ 11.30-ന് പിരിഞ്ഞു.

## 1-1-2020-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIII, 2020 ജനുവരി 1-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. എ. കെ. ബാലന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശുവികസനവും വകുപ്പുമന്ത്രിയുമായ ശ്രീമതി കെ.കെ.ശൈലജ ടീച്ചറും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. ഒ. ആർ. കേളു., എം. എൽ. എ.

2. ശ്രീ. യു. ആർ. പ്രദീപ്., എൽ. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. മാത്യുക്കുട്ടി ജി., ജോയിന്റ് സെക്രട്ടറി

2. ശ്രീമതി ജാസ്മിൻ പി. എസ്., അണ്ടർ സെക്രട്ടറി

<u>ഹാജരായ മറ്റ് ഉദ്യോഗസ്ഥർ</u>

1. ശ്രീ. ബിജു പ്രഭാകർ, സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതിയും വനിത ശിശുവികസനവും വകുപ്പ്

2. ശ്രീമതി അനിതാ നാരായണൻ, സെക്രട്ടറി, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

3. ശ്രീമതി കെ. ഐ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

4. ശ്രീമതി എസ്. സന്ധ്യ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

5. ശ്രീമതി കെ. എം. ലീലാമണി, അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്

6. ശ്രീമതി ബിന്ദു തങ്കച്ചി എം. കെ, അഡീഷണൽ സെക്രട്ടറി, പട്ടിക വർഗ്ഗ വികസന വകുപ്പ്

7. ശ്രീമതി പി. വി. ഗീത, രജിസ്ട്രാർ, കേരള സംസ്ഥാന ബാലവകാശ സംരക്ഷണ കമ്മീഷൻ

8. ശ്രീ. ബി. പ്രതാപ ചന്ദ്രൻ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

9. ശ്രീമതി ബിന്ദു കെ. കെ., ജോയിന്റ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്

10. ശ്രീ. ക്ലീറ്റസ് ജെ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

സമിതി 'Commission for Protection of Child Rights Act 2005' പ്രകാരം പുറപ്പെടുവിച്ച എസ്. ആർ. ഒ.-കളുടെ ഭേദഗതിക്കുള്ള കരട്, 1993-ലെ കേരള ഷെഡ്യൂൾഡ് ട്രൈബ് ഡെവലപ്മെന്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് കരട് ചട്ടം രൂപീകരിക്കുന്നതുസംബന്ധിച്ച വിശദീകരണ കുറിപ്പ്, 2009-10, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ലഭ്യമായ സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. 'Commission for Protection of Child Rights Act 2005' പ്രകാരം പുറപ്പെടുവിച്ച എസ്. ആർ. ഒ.-കളുടെ ഭേദഗതിക്കുള്ള കരട്

(ഫയൽ നമ്പർ 6678/സബ്.സി. ജി2/19/നി.സെ.)

Commission for Protection of Child Rights Act 2005 പ്രകാരം പുറപ്പെടുവിച്ച എസ്. ആർ. ഒ. നമ്പർ 700/2012, 428/2013, 66/2014, 67/2014, 514/2014 എന്നിവയിന്മേൽ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഭേദഗതി വരുത്തി സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ ഉത്തരവുകളുടെ കരട് സമിതി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. 1993-ലെ കേരള ഷെഡ്യൂൾഡ് ട്രൈബ് ഡെവലപ്മെന്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് കരട് ചട്ടം രൂപീകരിക്കുന്നത് സംബന്ധിച്ച വിശദീകരണ കുറിപ്പ്

(ഫയൽ നമ്പർ 1113/സബ്.സി.ജി2/11/നി.സെ.)

പ്രസ്തുത വിശദീകരണ കുറിപ്പ് പരിഗണിച്ച സമിതി ഫയൽ നടപടി അവസാനിപ്പിക്കുവാൻ തീരുമാനിച്ചു.

3. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്

(ഫയൽ നമ്പർ 1910/സബ്.സി.ജി2/17/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ 7, 8, 9, 10, 12, 16, 17, 18, 19, 20 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

4. 2009-10 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്

(ഫയൽ നമ്പർ 11115/സബ്.സി.ജി2/11/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ 194-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

യോഗം ഉച്ചയ്ക്കശേഷം 2.30-ന് അവസാനിച്ചു

## 20-2-2020-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIII, 2020 ഫെബ്രുവരി 20-ാം തീയതി വ്യാഴാഴ്ച രാവിലെ 10.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ ബഹു. സമിതി ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശുവികസനവും വകുപ്പുമന്ത്രിയുമായ ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. അൻവർ സാദത്ത്, എം. എൽ. എ.

2. ശ്രീ. എം. മുകേഷ്, എൽ. എൽ. എ.

3. ശ്രീ. യു. ആർ പ്രദീപ്, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. മാത്യുക്കുട്ടി ജി., ജോയിന്റ് സെക്രട്ടറി

2. ശ്രീ. വി. ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി

2. ശ്രീമതി ജാസ്മിൻ പി. എസ്., അണ്ടർ സെക്രട്ടറി

<u>ഹാജരായ മറ്റ് ഉദ്യോഗസ്ഥർ</u>

1. ശ്രീ. സഞ്ജയ് ഗാർഗ്, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
2. ശ്രീമതി പി. ഐ. ശ്രീവിദ്യ, ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് & പിന്നാക്കവിഭാഗ വികസന വകുപ്പ്
3. ഡോ.പി. പുകഴേന്തി, ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

4. ശ്രീ. സുരേഷ്കുമാർ പി. എൻ., അഡീഷണൽ സെക്രട്ടറി, പിന്നാക്കവിഭാഗ വികസന വകുപ്പ്

5. ശ്രീമതി ബിന്ദു തങ്കച്ചി എം. കെ, അഡീഷണൽ സെക്രട്ടറി, പട്ടിക വർഗ്ഗ വികസന വകുപ്പ്

6. ശ്രീ. റെജി ജോൺ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

7. ശ്രീമതി ശർമ്മിള സി, ജോയിന്റ് സെക്രട്ടറി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

8. ശ്രീ. പ്രവീൺ റ്റി, ജോയിന്റ് സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ്

9. ശ്രീ. ടോമി ചാക്കോ, ജോയിന്റ് ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്

10. ശ്രീ. ആർ പ്രസന്നൻ., ജോയിന്റ് ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

11. ശ്രീമതി ഷൈജാ റാണി പി. പി, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്

12. ശ്രീ. രാമൻ കുട്ടി സി, രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്കവിഭാഗ കമ്മീഷൻ

സമിതി 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## 2225-01-001-94-34—വികസന വകുപ്പിന്റെ നവീകരണവും ഇ-ഗവേണൻസ് സംരംഭവും-മറ്റുചെലവുകൾ

പട്ടികജാതി വികസന വകുപ്പിന്റെ 14 ജില്ലാ ഓഫീസുകളിലും 2 മേഖല ഓഫീസുകളിലും 2 ഐ.ടി. മേഖല ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനും 35 ഐ.ടി.ഐ, 43 പ്രീമെട്രിക് ഹോസ്റ്റൽ 3 പോസ്റ്റ് മെട്രിക് ഹോസ്റ്റൽ എന്നിവിടങ്ങളിൽ സ്ഥാപിച്ച സോളാർ പ്ലാന്റുകളുടെ തുടർ ചെലവ് വഹിക്കുന്നതിനും, നന്ദാവനം ഓഫീസ്, അംബേദ്കർ ഭവൻ എന്നിവിടങ്ങളിൽ സ്ഥാപിച്ച സോളാർ പ്ലാന്റുകളുടെ തുടർ ചെലവിനത്തിലും ജില്ലാ ഓഫീസുകളുടെയും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടും നന്ദാവനം ബിൽഡിംഗിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടും അധിക തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-01-102-96—തൊഴിലിനും പരിശീലനത്തിനുമായുള്ള ധനസഹായം

ഇന്ത്യയിലും വിദേശത്തും സംഘടിത മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി പരിശീലനം നൽകുന്നതിനും 2019-20 സാമ്പത്തിക വർഷത്തെ പരിശീലന പരിപാടികൾ പൂർത്തിയാക്കുന്നതിനും 2020-21-ലെ ബഡ്ജറ്റിലെ 10000 പേർക്ക് തൊഴിൽ നൽകണമെന്ന പ്രഖ്യാപനം സഫലമാക്കുന്നതിനും നിലവിലുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-01-277-98-12—മെട്രിക്കുലേഷനുശേഷമുള്ള പഠനങ്ങൾ (100% കേന്ദ്രാവിഷ്കൃത പദ്ധതി)-സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും

പ്രസ്തുത ശീർഷകത്തിൽ നിന്നും ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പിന് പുറമെ GOK, GOI ബുക്ക് ബാങ്ക് സ്കോളർഷിപ്പുകളും നൽകിവരുന്നതിനാൽ നിലവിൽ 50 കോടി രൂപയുടെ ഇ-ഗ്രാന്റ്സ് ക്ലെയിമുകൾ പെൻഡിംഗായതിനാൽ 2020-21 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-01-277-58—വെള്ളായണി-അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പരിപാലനം

2020-21 സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിൽ പ്രവർത്തനമാരംഭിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കായി കൂടുതൽ തുക ആവശ്യമായതിനാലും തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി, കാസർഗോഡ് ജില്ലയിലെ വെള്ളച്ചാൽ എന്നീ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ +2 കോഴ്സുകൾ ആരംഭിക്കുന്നതിനാലും ടി ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-01-277-54—പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭരണച്ചെലവുകൾ

പാലക്കാട് മെഡിക്കൽ കോളേജിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും മറ്റ് ഭരണപരമായ ചെലവുകൾക്കുമായി പ്രസ്തുത ശീർഷകത്തിൽ 39.66 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-01-283-85—<u>അംബേദ്കർ ഗ്രാമവികസന പദ്ധതി</u>

അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരം 2019-20 സാമ്പത്തിക വർഷം 100 കോടി രൂപ അനുവദിച്ചിരുന്ന സാഹചര്യത്തിലും 2016-17 വർഷം വികസന പ്രവർത്തനങ്ങൾ നടന്ന 230 കോളനികളുടെയും 2018-19 വർഷത്തെ 90 കോളനികളുടെയും 2019-20 വർഷത്തെ 200 കോളനികളുടെയും പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ളതിനാലും പ്രസ്തുത ശീർഷകത്തിൽ 21.21 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-01-800-86—<u>1955-ലെ പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനുള്ള സംവിധാനം (50% കേന്ദ്രസഹായം)</u>

പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമപ്രകാരമുള്ള ആശ്വാസ ധനസഹായ തുക വർദ്ധിപ്പിച്ചതിനാലും എഫ്. ഐ. ആർ. സ്റ്റേജിൽ തുക നൽകേണ്ടി വരുന്നതിനാലും പദ്ധതികൾ പ്രകാരം ധനസഹായം വിതരണം ചെയ്യുന്നതിലേക്ക് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 6 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2225-01-800-57—<u>പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള പൊതുശേഖര ഫണ്ട്-(ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ് സ്കീം)</u>

2019-20 സാമ്പത്തിക വർഷം 100 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും 13 കോടി രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നതെന്ന് അഭിപ്രായപ്പെട്ട സമിതി ആയതിന്റെ കാരണം ആരാഞ്ഞു.

ഈ സ്കീമിൽ വകയിരുത്തിയിരിക്കുന്ന തുകയുടെ 1/3 ഭാഗം പട്ടികജാതി ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്ക് അനുവദിക്കേണ്ട വിഹിതമാണെന്നും അതിന്റെയടിസ്ഥാനത്തിൽ 33 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും മറ്റ് പദ്ധതികളുടെ ക്രിറ്റിക്കൽ ഗ്യാപ് നികത്തുന്നതിനായാണ് പദ്ധതി തുക പ്രധാനമായും ഉപയോഗിക്കുന്നതെന്നും പട്ടികജാതി പിന്നോക്കവിഭാഗ വികസന വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു. കഴിഞ്ഞ വർഷം ജില്ലകളിൽ നിന്നും പ്രോജക്ടുകൾ സമർപ്പിക്കുവാൻ കാലതാമസമുണ്ടായെന്നും പ്രോജക്ട് സമർപ്പിച്ചതിനുശേഷം തുക അനുവദിച്ചാൽ മതിയെന്ന വകുപ്പുമന്ത്രിയുടെ നിർദ്ദേശമുണ്ടായിരുന്നതിനാലാണ് സമയബന്ധിതമായി തുക ചെലവഴിക്കാൻ കഴിയാതെ വന്നതെന്നും ഇപ്പോൾ പല ബില്ലുകളും ട്രഷറിയിൽ പെൻഡിംഗിലാണെന്നും ഡയറക്ടർ വിശദീകരിച്ചു.

മുൻവർഷങ്ങളിലെ സ്പിൽ ഓവർ കൂടി തനത് വർഷത്തിൽ നിന്ന് അനുവദിക്കേണ്ടതുള്ളതിനാലും പ്രളയംമൂലം ജീവിത മാർഗ്ഗം നഷ്ടപ്പെട്ടവർക്കുള്ള പ്രത്യേക പദ്ധതികൾ, പട്ടികജാതി കോളനികളിലെ പശ്ചാത്തല വികസന പദ്ധതികൾ, കാവുകളുടെ പുനരുദ്ധാരണം, മരണാനന്തര ചടങ്ങുകൾക്കുള്ള ധനസഹായം മുതലായവയും, മറ്റ് സ്കീമുകളുടെ ക്രിട്ടിക്കൽ ഗ്യാപ് നികത്തുന്നതിനും ഈ ശീർഷകത്തിൽ നിന്നും തുക അനുവദിച്ചു വരുന്നതിനാലും. അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കാത്ത അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികളും 2020-21 സാമ്പത്തിക വർഷം അനുവദിക്കുന്ന ഫണ്ടിൽ നിന്നും പൂർത്തിയാക്കേണ്ടതുള്ളതിനാലും പ്രസ്തുത ശീർഷകത്തിൽ 40 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-80-800-99-12—<u>മറ്റ് സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും ഫീസ് സൗജന്യവും സ്കോളർഷിപ്പുകൾ-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും</u>

കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ഇതര വിഭാഗത്തിൽപ്പെട്ട കോളേജ് വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യം നൽകുന്നതിനും പോസ്റ്റ് ഗ്രാജ്വേറ്റ്/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് ലംപ്സം ഗ്രാൻറ്, സ്റ്റൈപ്പൻഡ്, ഫീസ് സൗജന്യം എന്നിവ നൽകുന്നതിനുമായി തുക വകയിരുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ കുടിശ്ശിക തീർക്കുന്നതിനും നടപ്പ് വർഷത്തെ ആനുകൂല്യം പൂർണ്ണമായി വിതരണം ചെയ്യുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും 97.93 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

4225-01-277-89—<u>പാലക്കാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണം</u>

പാലക്കാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2020 ഡിസംബറിനുള്ളിൽ പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കേണ്ടതിനാൽ ടി ബ്ലോക്കിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് അധികതുക അനിവാര്യമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 100 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-02-102-89-01—പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ ഓണറേറിയം-പട്ടികവർഗ്ഗ പ്രൊമോട്ടർമാർ

പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ ഓണറേറിയം 9,000 രൂപയിൽ നിന്നും 12,500 രൂപയായും യാത്രാബത്ത 625 രൂപയിൽ നിന്നും 1,000 രൂപയായും വർദ്ധിപ്പിച്ചുവെങ്കിലും അതിന് ആനുപാതികമായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല എന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 5.1484 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2225-02-277-52—പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള എല്ലാ ഹോസ്റ്റലുകളും UNICEF standard-ൽ നവീകരിക്കുന്നതിനായി നിലവിലുള്ള ഫണ്ട് അപര്യാപ്തമായതിനാൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-02-277-39—ഐ.ഇ.സി. പ്രോജക്ട് (ഇൻഫർമേഷൻ, എഡ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ)

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ നാടൻ ഉൽപ്പന്ന പ്രദർശന വിപണനമേളയായ ഗദ്ദിക, മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഹോസ്റ്റൽ കുട്ടികളുടെ കാലകായിക മേളകളായ സർഗ്ഗോത്സവം, കളിക്കളം, സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം തുടങ്ങിയ പദ്ധതികളെക്കുറിച്ചുള്ള പത്രപ്പരസ്യങ്ങൾ നൽകുക, ഗോൾഡ് മെഡൽ വിതരണം, വകുപ്പിന്റെ പദ്ധതികളെയും ആനുകൂല്യങ്ങളെയും കുറിച്ച് ജനങ്ങളിൽ കൂടുതൽ ബോധവൽക്കരണം നടത്തുക, ഇതുവരെ ആർജ്ജിച്ച നേട്ടങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് വിഷ്വൽ ഡോക്യുമെന്റേഷൻ നടത്തുക, വകുപ്പിന്റെ നേട്ടങ്ങളും പദ്ധതികളും ഉൾപ്പെടുത്തി ലഘുലേഖകളും മാഗസിനുകളും തയ്യാറാക്കി ജനങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജനപ്രതിനിധികളിലും എത്തിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2225-02-277-35—പട്ടികവർഗ്ഗക്കാർക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ

പട്ടികവർഗ്ഗക്കാർക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഗോത്രസ്വാരഥി, സാമൂഹ്യപഠനമുറി, വിദ്യാർത്ഥികൾക്കുള്ള ട്യൂട്ടോറിയൽ ഗ്രാന്റ്, പ്രീ-പ്രൈമറി, പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തന ചെലവ് എന്നീ ഘടകങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലേക്ക് 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-02-283-89—ഭവന രഹിതർക്ക് ഭവനം

2016-17 വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അനുവദിച്ച വീടുകളുടെ തുടർഗഡുക്കൾ അനുവദിക്കുന്നതിനായും 2018, 2019 എന്നീ വർഷങ്ങളിൽ ഉണ്ടായ കാലവർഷക്കെടുതിയിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണത്തിനായും 2020-21 സാമ്പത്തിക വർഷം 1500 വീടുകളുടെ പുനരുദ്ധാരണത്തിനായും പ്രസ്തുത ശീർഷകത്തിൽ 81.35 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2225-02-277-94-34-3—ഗിരിവർഗ്ഗ ഹോസ്റ്റൽ- മറ്റുചെലവുകൾ

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 106 പ്രീമെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെ മെസ്സ്ചാർജ്ജ്, യൂണിഫോം നൈറ്റ് ഡ്രസ് അലവൻസ് ഉൾപ്പെടെ മറ്റ് അലവൻസുകളുടെ നിരക്ക് വർദ്ധിപ്പിച്ചുകൊണ്ട് 2017-ൽ ഉത്തരവായിരുന്നുവെങ്കിലും ഇതിനാനുപാതികമായ ഫണ്ട് ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല എന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. കുട്ടികളുടെ മെസ്സ് ചാർജ്ജ് അനുവദിക്കുന്നതിനുമാത്രം പ്രതിവർഷം 20 കോടി രൂപ ആവശ്യമാണെന്നും കൂടാതെ യൂണിഫോം, പഠനോപകരണങ്ങൾ മറ്റ് അലവൻസുകൾ എന്നിവയ്ക്കായി 5 കോടി രൂപ കൂടി ആവശ്യമായി വരുന്നുണ്ടെന്നും സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 12.40 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2225-03-102-98—ബാർബർ ഷോപ്പുകൾ നവീകരിക്കുന്നതിനുള്ള സഹായം

സംസ്ഥാനത്തെ പിന്നാക്ക സമുദായങ്ങളിൽപ്പെട്ട ബാർബർ തൊഴിലാളികളുടെ തൊഴിൽ ശേഷി വർദ്ധിപ്പിക്കുന്നതിനും തൊഴിലിടം ആധുനികവൽക്കരിക്കുന്നതിനും നവീന ഉപകരണങ്ങൾ വാങ്ങുന്നതിനും ഗ്രാന്റ് നൽകുന്ന പ്രസ്തുത പദ്ധതി പ്രകാരം മുൻവർഷങ്ങളിൽ ഗ്രാന്റ് അനുവദിച്ചവർക്ക് അർഹമായ രണ്ടാം ഗഡു തുക അനുവദിക്കേണ്ടതുണ്ട് എന്നും 2020-21 മുതൽ ഈ പദ്ധതി മുനിസിപ്പാലിറ്റി കോർപ്പറേഷൻ പരിധിയിലേക്ക് വ്യാപിപ്പിക്കുന്നതിനായി സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട് എന്നും പട്ടികജാതി വികസനവും പിന്നോക്കവിഭാഗ വികസനവും വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. പ്രസ്തുത ചെലവുകൾ കൂടി വഹിക്കുന്നതിന് ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-03-102-99—<u>പൊതുസ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള ഓട്ടോമൊബൈൽ തൊഴിൽ പരിശീലനം</u>

ഓട്ടോമൊബൈൽ മേഖലയിൽ മാത്രം ആനുകൂല്യം അനുവദിച്ചുവരുന്ന പ്രസ്തുത പദ്ധതി 2020-21 മുതൽ ലോജിസ്റ്റിക്സ്, ഹോട്ടൽ മാനേജ്മെന്റ്, ടോട്ടൽ സ്റ്റേഷൻ സർവ്വേ, പോളിമർ ടെക്നോളജി രംഗങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-03-102-94—<u>കംബാര കോളനികളുടെ വികസനം</u>

സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന കംബാര/കശവ സമുദായങ്ങൾ അധിവസിക്കുന്ന കോളനികളിലെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഈ പദ്ധതി പ്രകാരം 2020-21-ൽ പരമാവധി 1 കോടി എന്ന നിരക്കിൽ 5 കോളനികളുടെ വികസനം ലക്ഷ്യമിടുന്നതിനാൽ പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2225-03-277-99-12—<u>മെട്രിക്കുലേഷനുശേഷമുള്ള പഠനങ്ങൾ (100% കേന്ദ്രാവിഷ്കൃത പദ്ധതി)-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും</u>

പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെയും തിരഞ്ഞെടുക്കപ്പെട്ട 30 സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് 6 ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായും വിദ്യാഭ്യാസാനുകൂല്യവും എസ്.ഇ.ബി.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഒരു ലക്ഷം രൂപ വരുമാന പരിധിക്ക് വിധേയമായി കെ.പി.സി.ആർ. ആനുകൂല്യവും അനുവദിക്കുന്ന പ്രസ്തുത പദ്ധതിക്ക് ഒരു സാമ്പത്തിക വർഷം ശരാശരി 275 കോടി രൂപ ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12 കോടി രൂപ പ്ലാൻ ഇനത്തിലും 33 കോടി രൂപ നോൺ പ്ലാൻ ഇനത്തിലും അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2225-03-277-92-12—മറ്റുപിന്നാക്ക വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (50% കേന്ദ്ര സഹായം)-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

സംസ്ഥാനത്തെ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുടുംബവാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ അധികരിക്കാത്ത പിന്നാക്കവിഭാഗങ്ങളിൽപ്പെട്ട സമർത്ഥരായ വിദ്യാർത്ഥികൾക്ക് കേന്ദ്രസഹായത്തോടെ പ്രതിവർഷം 1,500 രൂപ നിരക്കിൽ സ്കോളർഷിപ്പ് അനുവദിച്ചുവരുന്ന പദ്ധതിക്ക് മുൻ വർഷങ്ങളിൽ 50 കോടി രൂപയാണ് വകയിരുത്തിയിരുന്നതെന്നും കേന്ദ്ര വിഹിതമായി സംസ്ഥാന ബഡ്ജറ്റിൽ 25 കോടി രൂപ വകയിരുത്താറുണ്ടെങ്കിലും കുറഞ്ഞ തുക മാത്രമാണ് കേന്ദ്രസർക്കാർ റിലീസ് ചെയ്യാറുള്ളതെന്നും പട്ടികജാതി വികസനവും പിന്നാക്കവിഭാഗ വികസനവും വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഈ ശീർഷകത്തിൽ 14 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-03-277-91-12—ഒ.ബി.സി.ക്ക് വിദേശപഠനത്തിനുള്ള ധനസഹായം (സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും)

വിദേശ സർവ്വകലാശാലകളിൽ മെഡിസിൻ, അഗ്രിക്കൾച്ചറൽ സയൻസ്, പ്യുവർ സയൻസ് മാനേജ്മെന്റ് എഞ്ചിനീയറിംഗ്, നിയമം, സോഷ്യൽ സയൻസ് മേഖലകളിൽ ബിരുദാനന്തര ബിരുദവും Phd യും ചെയ്യുന്ന പിന്നാക്കവിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് 6 ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായി 10 ലക്ഷം രൂപ വരെ അനുവദിക്കുന്ന പ്രസ്തുത പദ്ധതിക്ക് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-03-277-90—എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം/ട്രെയിനിംഗ്

പിന്നാക്കവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ്, ബാങ്കിംഗ് സർവ്വീസ്, സിവിൽ സർവ്വീസസ് തുടങ്ങിയ മത്സരപരീക്ഷാ പരിശീലനത്തിനുള്ള ധനസഹായം, പ്രൊഫഷണലുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ സബ്സിഡി തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുന്ന പദ്ധതിയിലെ മാനദണ്ഡങ്ങൾ പ്രകാരം മത്സരപരീക്ഷാ പരിശീലന സഹായത്തിന് അപേക്ഷിക്കാൻ അർഹതയുള്ളവരിൽ പകുതി പേർക്ക് ധനസഹായം അനുവദിക്കുന്നതിന് പോലും നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2225-03-277-88—പിന്നാക്ക വിഭാഗക്കാർക്കിടയിലുള്ള പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യവികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം

മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കരകൗശല പണിക്കാർ , കൈപ്പണിക്കാർ തുടങ്ങിയവർക്ക് നൈപുണ്യ വികസനത്തിനും ആധുനിക പണിയായുധങ്ങൾ വാങ്ങുന്നതിനും നടപ്പിലാക്കുന്ന പദ്ധതിയിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2225-03-800-99—പിന്നാക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മീഷൻ (സഹായധനം)

കമ്മീഷനിൽ പുതിയതായി ചാർജ്ജെടുത്ത ചെയർമാൻ, മെമ്പർമാർ, മറ്റ് ജീവനക്കാർ എന്നിവർക്ക് ഓഫീസ് പ്രവർത്തനങ്ങൾക്കാവശ്യമായ കമ്പ്യൂട്ടറുകൾ അനുബന്ധ ഉപകരണങ്ങൾ, അടിസ്ഥാന സൗകര്യങ്ങളൊരുക്കൽ തുടങ്ങിയ ചെലവുകൾ നിർവ്വഹിക്കുന്നതിന് 2225-03-800-99-35-മൂലധന ആസ്തികളുടെ രൂപീകരണം എന്ന ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപയും കമ്മീഷൻ ചെയർമാന്റെയും അംഗങ്ങളുടെയും ഔദ്യോഗിക ഉപയോഗത്തിനായി പുതിയ വാഹനം വാങ്ങുന്നതിന് 2225-03-800-99-36 -ശമ്പളേതരം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി 45 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 60 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2225-03-800-81—ഒ.ബി.സി. യുള്ള അഡ്വക്കേറ്റ് ഗ്രാന്റ്

സാമൂഹ്യനീതി ഉറപ്പാക്കുന്നതിനായി ജുഡീഷ്യറിയിൽ മറ്റ് പിന്നാക്ക സമുദായങ്ങളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് അഭിഭാഷകരായി പ്രാക്ടീസ് ചെയ്യുന്നവർക്ക് ഗ്രാന്റ് നൽകുന്ന പദ്ധതി പ്രകാരം നിലവിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 65 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

4225-03-190-99—ഹരിജനങ്ങളിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്കായുള്ള സംസ്ഥാന വികസന കോർപ്പറേഷൻ

പ്രസ്തുത വിഭാഗം ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളുടെ സഫലീകരണത്തിനായി കുറഞ്ഞ നിരക്കിൽ വായ്പകൾ നൽകുന്ന ടി സ്ഥാപനം സർക്കാരിൽ നിന്നുലഭിക്കുന്ന ബഡ്ജറ്റ് വിഹിതത്തുകയും വായ്പാ തിരിച്ചടവ് വഴി ലഭിക്കുന്ന തുകയും കൂട്ടിച്ചേർത്താണ് വിവിധ വായ്പകൾ വിതരണം നടത്തുന്നതെന്നും ടി വിഭാഗം വിദ്യാർത്ഥികൾക്ക് വിവിധ വിദ്യാഭ്യാസ സഹായം നൽകിവരുന്നതെന്നും ഫണ്ടിന്റെ ദൗർലഭ്യംമൂലം കഴിഞ്ഞ വർഷം കോർപ്പറേഷന് വായ്പകൾക്കായി അപേക്ഷ സ്വീകരിക്കുന്നത് നിർത്തിവയ്ക്കേണ്ട സാഹചര്യം വന്നിട്ടുള്ളതായും വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4225-03-190-98—കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ

സംസ്ഥാനത്തെ മറ്റുപിന്നാക്ക വിഭാഗങ്ങളുടെയും മതന്യൂനപക്ഷങ്ങളുടെയും സാമൂഹിക സാമ്പത്തിക പുരോഗതിക്കായി നിലകൊള്ളുന്ന പ്രസ്തുത സ്ഥാപനം ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെയാണ് ടി വിഭാഗങ്ങളുടെ പുരോഗതിക്കുതകുന്ന പരിപാടികൾ നടപ്പാക്കിവരുന്നത്. ദേശീയ ഏജൻസികളിൽ നിന്നു ലഭിക്കുന്ന തുകയ്ക്ക് 10% ആനുപാതിക വിഹിതം നൽകേണ്ടതുള്ളതിനാൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 31.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2225-02-800-56—ആദികലാ ഗ്രാമം

കിർത്താഡ്സ് മുഖേന പട്ടികവർഗ്ഗ യുവകലാകാരൻമാർക്കുവേണ്ടി സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിനും ഭരണപരമായ ആവശ്യങ്ങൾക്കും ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് പദ്ധതികൾ നടപ്പിലാക്കുന്നതിനും 43 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2225-80-001-99-04-1—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) യാത്രാ ചെലവുകൾ-യാത്രാബത്ത

കിർത്താഡ്സ് ഓഫീസിലെ ജീവനക്കാരുടെ ശമ്പളം, വേജസ്, യാത്രാബത്ത ഓഫീസ് ചെലവുകൾ, വാഹനങ്ങളുടെ ഇന്ധന ചെലവുകൾ മുതലായവയ്ക്കായി വകകൊള്ളിച്ചിരിക്കുന്ന പ്രസ്തുത ശീർഷകത്തിൽ യാത്രാബത്ത ഇനത്തിലുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2225-80-001-99-05-1—<u>കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-ഓഫീസ് ചെലവുകൾ-വെള്ളക്കരം</u>

വകുപ്പിന് വെള്ളക്കരം ഇനത്തിൽ ഒരു വർഷത്തേക്ക് അൻപതിനായിരം രൂപ ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ നാൽപ്പതിനായിരം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2225-80-001-99-05-2—<u>കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-വൈദ്യുതി ചെലവ്</u>

വകുപ്പിന്റെ പരിശീലന മന്ദിരം നവീകരിച്ച് എയർകണ്ടീഷനുകൾ സ്ഥാപിക്കുന്നതിനാലും ഒരു ഫീൽഡ് സ്റ്റേഷൻ കൂടി അയ്യങ്കാളി ഭവനിൽ പ്രവർത്തനം ആരംഭിച്ചതിനാലും ഈ ശീർഷകത്തിൽ തൊണ്ണൂറായിരം രൂപ അധികമായി ധനപുനർ വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2225-80-001-99-05-3—<u>കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-ടെലിഫോൺ ചെലവ്</u>

വകുപ്പിന് നിലവിലുള്ള മൂന്ന് ടെലിഫോൺ കണക്ഷനുകൾ, ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള KSWAN കണക്ഷനുകൾ, മുൻവർഷങ്ങളിലെ കടിശ്ശിക എന്നിവയ്ക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ ഒരു ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2225-80-001-99-05-4—<u>കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-മറ്റിനങ്ങൾ</u>

കിർത്താഡ്സിന്റെ ക്യാമ്പസ്, കെട്ടിടങ്ങൾ എന്നിവ വൃത്തിയാക്കൽ, സർക്കാർ നിർദ്ദേശപ്രകാരം ആധാർ അധിഷ്ഠിത ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം നടപ്പിലാക്കൽ, തുടങ്ങി മറ്റ് അടിയന്തര ഓഫീസ് ചെലവുകൾക്ക് ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2225-80-001-99-06—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-വാടക, കരം, നികുതി

കെട്ടിട നികുതിയിനത്തിൽ വകുപ്പിന് ഒരു വർഷത്തേക്ക് 41,000 രൂപ ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 11 ആയിരം രൂപ അധികമായി ധനപുനർ വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-80-001-99-21-2—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികളും

വിവിധ പരിശീലന ഗവേഷണ പരിപാടികൾക്കും ജാതി സംബന്ധമായ കേസുകളുടെ അന്വേഷണത്തിനുമായി വകുപ്പിന്റെ വാഹനങ്ങൾ കേരളത്തിലുടനീളം യാത്രകൾക്കായി ഉപയോഗിച്ചുവരുന്നതിനാൽ വാഹനങ്ങളുടെ അറ്റകുറ്റപ്പണിക്കും പരിപാലനത്തിനുമുള്ള ചെലവുകൾ വഹിക്കുന്നതിനായി ബഡ്ജറ്റ് വിഹിതത്തിൽ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 2.3 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2225-80-001-99-45—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-പി.ഒ.എൽ.

വകുപ്പിലെ വാഹനങ്ങളുടെ ഇന്ധനച്ചെലവുകൾ വഹിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-80-001-99-26—ഔദ്യോഗിക ഭാഷാ പ്രയോഗം

ഔദ്യോഗിക ഭാഷയുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ നടത്തുവാനും ഔദ്യോഗിക ഭാഷ നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുവാനും ബഡ്ജറ്റിൽ ടോക്കൺ തുക മാത്രമേ വകയിരുത്തിയിട്ടുള്ളൂ എന്നതിനാൽ ഈ ശീർഷകത്തിൽ അൻപതിനായിരം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-80-800-96-31—കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കമ്മീഷൻ-സഹായധനം-ശമ്പളം

കമ്മീഷൻ അംഗങ്ങളുടെയും ജീവനക്കാരുടെയും ശമ്പള ഇനത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.1454 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

യോഗം രാവിലെ 11.00 മണിക്ക് അവസാനിച്ചു.

## 20-2-2020-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2020 ഫെബ്രുവരി 20-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ ബഹു. സമിതി ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശുവികസനവും വകുപ്പുമന്ത്രിയുമായ ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. അൻവർ സാദത്ത്, എം. എൽ. എ.
2. ശ്രീ. യു. ആർ പ്രദീപ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. വി. ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീമതി ജാസ്മിൻ പി. എസ്., അണ്ടർ സെക്രട്ടറി.

ഹാജരായ മറ്റ് ഉദ്യോഗസ്ഥർ

1. ശ്രീ. ബിശ്വനാഥ് സിൻഹ, സെക്രട്ടറി, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് & സൈനികക്ഷേമ വകുപ്പ്
2. ശ്രീമതി ഉഷാറാണി പി, സെക്രട്ടറി, കേരള വിമൻസ് കമ്മീഷൻ
3. ശ്രീമതി കെ. എസ്. ബിന്ദു, സെക്രട്ടറി, കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്
4. ശ്രീമതി അനുപമ ടി.വി, ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്

5. ശ്രീമതി ഷീബാ ജോർജ്, ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്

6. ഡോ. കെ. ജി. സതീഷ് കുമാർ, ഡയറക്ടർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (NISH)

7. ഡോ. മുഹമ്മദ് ആഷീൽ, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യസുരക്ഷാ മിഷൻ

8. ശ്രീ. എ. കൃഷ്ണൻ, ഡയറക്ടർ (ഇൻ-ചാർജ്) സൈനിക ക്ഷേമ വകുപ്പ്

9. ശ്രീ. എം. ജി രഞ്ജിത് കുമാർ, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ് (ഇൻ-ചാർജ് ഓഫ് സമുന്നതി)

10. ശ്രീമതി ആർ. ഷീലാ റാണി, അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്

11. ശ്രീ. ഷൈൻ എ. ഹക്ക്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്

12. ശ്രീ. ശശി റ്റി, ജോയിന്റ് സെക്രട്ടറി, പൊതുഭരണ വകുപ്പ്

13. ശ്രീ. ജിജു പ്രിജിത്ത്, ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ട്രഷറീസ്.

സമിതി 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

2235-02-101-69-01—<u>വൈകല്യം മുൻകൂർ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വൈകല്യബാധിതരുടെ വിദ്യാഭ്യാസത്തിനും തൊഴിലിനും പുനരധിവാസത്തിനുമുള്ള സംസ്ഥാന സംരംഭം-എം.എം.ആർ. വാക്സിനേഷൻ</u>

ഭിന്നശേഷി പ്രതിരോധത്തിന്റെ ഭാഗമായി നടപ്പാക്കി വരുന്ന എം.എം.ആർ. വാക്സിനേഷന് ഒരു വർഷം 5.76 കോടി രൂപ ആവശ്യമായി വരുന്നതിനാലും മുൻ വർഷം വാക്സിൻ വാങ്ങിയ വകയിൽ 182 ലക്ഷം രൂപ കെ.എം.എസ്.സി.എൽ.-ന് കുടിശ്ശികയുള്ളതിനാലും ഈ ശീർഷകത്തിൽ 6.58 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2235-02-101-57—<u>വെള്ളപ്പൊക്കത്തിന് ഇരയായവരിൽ വൈകല്യമുള്ളവർക്കുള്ള സഹായം</u>

പ്രളയ ദുരിതം നേരിട്ട ജില്ലകളിലെ ഭിന്നശേഷി വിഭാഗക്കാർക്ക് നഷ്ടപ്പെട്ടുപോയ സഹായ ഉപകരണങ്ങൾക്കുപകരം ഉപകരണങ്ങൾ നൽകുന്നതിലേക്കായി 2019-20

സാമ്പത്തിക വർഷത്തിൽ 2 കോടി രൂപ നൽകുന്നതിന് അനുമതി ലഭിച്ചിരുന്നുവെങ്കിലും നിലവിൽ 50 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റ് വിഹിതമെന്നും ആയത് അപര്യാപ്തമാണെന്നും കേരള സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു. കഴിഞ്ഞ വർഷം അനുവദിച്ച തുക ചെലവഴിക്കാത്തതിനുള്ള കാരണം സമിതി ആരാഞ്ഞതിന് സഹായ ഉപകരണങ്ങൾ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണെന്നും ആയതിനുശേഷം മാത്രമേ സ്ഥാപനങ്ങൾക്ക് പദ്ധതി പ്രകാരമുള്ള തുക കൊടുക്കുവാൻ കഴിയുകയുള്ളുവെന്നും സഹായ ഉപകരണ നിർണ്ണയ ക്യാമ്പുകൾ 2019-20 മാർച്ച് മാസം മാത്രമാണ് അവസാനിക്കുന്നത് എന്നതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിൽനിന്നുമാത്രമേ ആയത് അനുവദിക്കുവാൻ കഴിയുകയുള്ളൂ എന്നും എക്സിക്യൂട്ടീവ് ഡയറക്ടർ മറുപടി നൽകി. ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2235-02-106-93—<u>ജയിൽ വിമുക്തരായ കുറ്റവാളികൾ, പീഡിതർ എന്നിവരുടെ പുനരധിവാസവും തുടർ സേവനവും</u>

ജയിൽ വിമുക്തരായ കുറ്റവാളികൾക്കും പീഡിതർക്കുമായി മുൻ വർഷം പ്രൊബേഷൻ, ആഫ്റ്റർ കെയർ, നേർവഴി എന്നീ പദ്ധതികൾക്ക് മാത്രമായി തുക അനുവദിച്ചിരുന്നു. തെരുവിൽ ജീവിക്കുന്ന വ്യക്തികളുടെ പുനരധിവാസം, ജയിലിൽ നിന്നു പുറത്തിറങ്ങുന്നവർക്ക് പ്രൊബേഷൻ ഇടക്കാല ഭവനം, മാനസിക രോഗം ഭേദമായിട്ടും ആരും ഏറ്റെടുക്കാതെ പോകുന്ന മുൻ തടവുകാരുടെ പുനരധിവാസം, വിവിധ വിഭാഗങ്ങളുടെ സാമൂഹ്യ മനശാസ്ത്ര സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയവ കൂടി ഈ ശീർഷകത്തിൽ ഉൾപ്പെടുത്തി വിപുലീകരിച്ചിരിക്കുന്നതിനാൽ പ്രസ്തുത ശീർഷകത്തിൽ നിലവിലുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-60-200-83—<u>പാർശ്വവൽക്കരിക്കപ്പെടുന്നവർക്കായി പുതിയ സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ</u>

ഭിന്നശേഷിക്കാർ, എച്ച്.ഐ.വി. ബാധിതർ, മറ്റ് പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നിവർക്കായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഭൂരിഭാഗം പദ്ധതികൾക്കും തുക കണ്ടെത്തുന്നതും ഭിന്നശേഷി ചട്ടങ്ങളിലെ വ്യവസ്ഥകൾക്കു വിധേയമായി പുതിയ പദ്ധതികളും പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതും ഈ ശീർഷകത്തിൽ നിന്നായതിനാൽ 1.20 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-60-200-72(02)—<u>കേരള സാമൂഹ്യസുരക്ഷാ പദ്ധതി-തീവ്രമായ മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീടിനുള്ളിൽ തന്നെ കഴിയേണ്ടി വരുന്നവരെ പരിചരിക്കുന്നവർക്കുള്ള സഹായം-(ആശ്വാസ കിരണം)</u>

ആശ്വാസകിരണം പദ്ധതിയിൽ പ്രതിമാസം 600 രൂപയാണ് നിലവിൽ അനുവദിക്കുന്നത്. നിലവിലെ 113717 ഗുണഭോക്താക്കൾക്കും 2020-21 വർഷം പുതുതായി പ്രതീക്ഷിക്കുന്ന 20000 ഗുണഭോക്താക്കൾക്കും ധനസഹായം നൽകുന്നതിന് നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 61.0901 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-60-200-72(06)—<u>കേരള സാമൂഹ്യസുരക്ഷാ പദ്ധതി-സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ അന്തേവാസികളുടെ പരിചാരകർ</u>

സാമൂഹ്യനീതി വകുപ്പിന്റെയും വനിതാ ശിശു വികസന വകുപ്പിന്റെയും കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ നിയോഗിച്ചിട്ടുള്ള മൾട്ടിടാസ്ക് കെയർ പ്രൊവൈഡർമാർ, സ്റ്റാഫ് നേഴ്സുമാർ, സ്പെഷ്യൽ എഡ്യുക്കേറ്റർമാർ എന്നിവർക്ക് വേതനം നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 5.8306 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-60-200-72 (07)—<u>കേരള സാമൂഹ്യസുരക്ഷാ പദ്ധതി-വയോമിത്രം</u>

വയോജനങ്ങൾക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, കൗൺസലിംഗ് എന്നിവ നൽകി ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുന്ന പ്രസ്തുത പദ്ധതി പത്ത് ജില്ലകളിലെ ഓരോ ബ്ലോക്കിൽ കൂടി ആരംഭിക്കുന്നതിനും മുൻ വർഷത്തെ കുടിശ്ശിക നൽകുന്നതിനുമായി 45.5130 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2235-60-200-72 (25)—<u>കേരള സാമൂഹ്യസുരക്ഷാ പദ്ധതി -സമാശ്വാസം</u>

സമാശ്വാസം പദ്ധതി പ്രകാരം നിലവിലെ 9554 ഗുണഭോക്താക്കൾക്കും 2020-21-ലെ പ്രതീക്ഷിത ഗുണഭോക്താക്കൾക്കും ധനസഹായം നൽകുന്നതിനും കുടിശ്ശിക

അനുവദിക്കുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 25.1342 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-60-200-68—<u>മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികൾക്കുവേണ്ടിയുള്ള സാമൂഹ്യ മന:ശാസ്ത്ര സേവനം</u>

പൊതു നിരത്തിൽ കാണുന്ന അനാഥരായിട്ടുള്ള മാനസിക രോഗികൾക്ക് അടിയന്തര സംരക്ഷണവും പുനരധിവാസവും ഉറപ്പാക്കുന്നതിനായി കേരള സൈക്കോ സോഷ്യൽ റിഹാബിലിറ്റേഷൻ രജിസ്ട്രേഷൻ ചട്ടം അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന 34 സ്ഥാപനങ്ങൾക്കും ഗ്രാന്റിന് അപേക്ഷിച്ച പുതിയ സ്ഥാപനങ്ങൾക്കും കൂടി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

4235-02-102-88—<u>ഡിസ്ട്രിക്റ്റ് ഏർലി ഇന്റർവെൻഷൻ സെന്ററുകളുടെ നിർമ്മാണം</u>

കുട്ടികളിലെ വൈകല്യങ്ങളും വളർച്ചാ മുരടിപ്പും പ്രാരംഭ പരിശോധനയിൽ തന്നെ കണ്ടെത്താനും ഇടപെടൽ നടത്താനും ഉദ്ദേശിച്ച് എല്ലാ ജില്ലകളിലും ഡിസ്ട്രിക്റ്റ് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ തുടങ്ങുവാൻ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും മരാമത്ത് പണികൾക്കായി 5 സെന്ററുകൾക്ക് കൂടി പണം അനുവദിക്കുവാനുള്ളതിനാൽ ഈ ശീർഷകത്തിൽ 6.5 കോടി രൂപ അനുവദിക്കണമെന്നും സാമൂഹ്യസുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു.

മുൻ വർഷം ബഡ്ജറ്റ് വിഹിതം ചെലവായിട്ടില്ല എന്ന് പരാമർശിച്ചിരിക്കുന്നതിന്റെ കാരണം സമിതി ആരാഞ്ഞതിന് സെന്ററുകളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി മൂന്ന് വർഷത്തേക്കായതിനാൽ ഫണ്ട് മൂന്ന് വർഷത്തിനകം വിനിയോഗിച്ചാൽ മതിയാകുമെന്നും 8 കോടി രൂപ പി.ഡബ്ല്യൂ.ഡി-ക്ക് നൽകുന്നതിന് ട്രഷറിയിൽ ബിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും ട്രഷറിയിൽ നിന്നും തുക ട്രാൻസ്ഫറായിട്ടില്ലെന്നും തുക പി.ഡബ്ല്യൂ.ഡി.ക്ക് ലഭിച്ചാൽ മാത്രമേ ചെലവിനത്തിൽ കാണിക്കാൻ കഴിയുകയുള്ളുവെന്നും സാമൂഹ്യസുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു.

ഈ ശീർഷകത്തിൽ 6.5 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-104-89 -(31)—<u>അനാഥാലയ നിയന്ത്രണ ബോർഡ് -സഹായധനം-ശമ്പളം</u>

അനാഥാലയ നിയന്ത്രണ ബോർഡ് മെമ്പർ, സെക്രട്ടറി ഉൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും, കൗൺസലർമാർക്ക് ഓണറേറിയം എന്നിവ നൽകുന്നതിനായി ഈ ശീർഷകത്തിൽ 97.33 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2235-02-101-89—<u>വികലാംഗർക്കുവേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം</u>

ശാരീരിക വൈകല്യമുള്ളവരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് ഗ്രാന്റ് നൽകുന്നതിനായി 2018-19 സാമ്പത്തിക വർഷത്തെ ഫണ്ട് യഥാസമയം ലഭ്യമാകാതിരുന്നതുമൂലം ഗ്രാന്റ് ലഭിക്കാത്ത സ്ഥാപനങ്ങൾക്ക് പ്രസ്തുത തുക 2019-20-ലെ ഫണ്ടിൽ നിന്നും നൽകേണ്ടി വന്നതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2235-02-104-97—<u>യാചക കേന്ദ്രങ്ങൾ</u>

യാചക കേന്ദ്രങ്ങളിലെ അന്തേവാസികൾക്ക് ഗ്രാന്റ് നൽകുന്നതിനായി 2018-19 സാമ്പത്തിക വർഷത്തെ ഫണ്ട് യഥാസമയം ലഭ്യമാകാതിരുന്നതുമൂലം 2019-20-ലെ ഫണ്ടിൽ നിന്നും നൽകേണ്ടിവന്നതിനാൽ ഈ ശീർഷകത്തിൽ 28 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2235-02-101-85—<u>ബധിരർക്കും മൂകർക്കും വേണ്ടിയുള്ള ഇൻസ്റ്റിറ്റ്യൂട്ട്</u>

നിഷിന്റെ വികസനത്തിന് BOT/MSC കോഴ്സുകൾ തുടങ്ങുന്നതിന് പുതിയ അക്കാഡമിക്/ക്ലിനിക്കൽ ബ്ലോക്കും ഹോസ്റ്റലും നിർമ്മിക്കുന്നതിലേക്കായി ഈ ശീർഷകത്തിൽ 6.32 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2235-02-190-98—<u>കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ</u>

കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പളത്തിനും ഭരണ ചെലവുകൾക്കും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 73 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2235-60-200-79—1995-ലെ അവശ വിഭാഗ ആക്റ്റിൻ (തുല്യ അവസരാവകാശ സംരക്ഷണവും പൂർണ്ണപങ്കാളിത്തവും) കീഴിലുള്ള അവശ വ്യക്തികളുടെ സംസ്ഥാനതല കമ്മീഷണർ

വികലാംഗ കമ്മീഷണറേറ്റിൽ ദിവസവേതന വ്യവസ്ഥയിലുള്ള ജീവനക്കാർക്ക് വേതനം നൽകുന്നതിനും, വെള്ളക്കരം, വാടക, വൈദ്യുതി ചാർജ്ജ് എന്നീ ഇനങ്ങളിലും കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 9.65 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2235-02-103-96—വിധവകളുടെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം

നിർദ്ധനരായ വിധവകളുടെ പെൺകുട്ടികൾക്ക് വിവാഹധനസഹായം കുടിശ്ശിക കൂടാതെ വിതരണം ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ 3.8651 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**വനിതാ ശിശുവികസന വകുപ്പ്**

2235-02-001-88—ഡിപ്പാർട്ട്മെന്റിൽ ഓഫീസർമാർക്കുള്ള ഇൻ സർവ്വീസ് ട്രെയിനിംഗ്

വനിതാ ശിശു വികസന വകുപ്പിലെ ഉദ്യോഗസ്ഥർക്കും മറ്റ് സ്റ്റേക്ക് ഹോൾഡേഴ്സിനും ട്രെയിനിംഗ് നൽകുന്നതിനും ബ്രിഡ്ജ് കോഴ്സുകൾ സംഘടിപ്പിക്കുന്നതിനും തുക ആവശ്യമായതിനാൽ 30 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2235-02-102-62 (1 )—കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്ക് സാമൂഹ്യ മന:ശാസ്ത്ര സേവനം (സംസ്ഥാന വിഹിതം)

സ്കൂളുകളിൽ കൗമാരക്കാരായ വിദ്യാർത്ഥിനികൾക്ക് കൗൺസലിംഗും മാർഗ്ഗനിർദ്ദേശവും നൽകുന്നതിന് നിയോഗിച്ചിട്ടുള്ള സൈക്കോ സോഷ്യൽ കൗൺസലർമാരുടെ ഓണറേറിയം വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ വർദ്ധിപ്പിച്ച നിരക്കിൽ ഓണറേറിയം നൽകുന്നതിനും മറ്റ് പ്രതീക്ഷിത ചെലവുകൾക്കും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2235-02-102-56—<u>അംഗൻവാടി കേന്ദ്രങ്ങളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സാമൂഹ്യ വിഭവ കേന്ദ്രങ്ങളായി വികസിപ്പിക്കൽ-ഒരു ജീവിതചക്ര സമീപനം</u>

സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് അംഗൻവാടികളെ സാമൂഹിക വിഭവ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതി പ്രകാരം അട്ടപ്പാടിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി കിച്ചനുള്ള തുക കണ്ടെത്തേണ്ടത് ഈ ശീർഷകത്തിൽ നിന്നായതിനാൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2225-02-102-50—<u>അട്ടപ്പാടിയിലെ നവജാത ശിശുക്കൾക്കുവേണ്ടിയുള്ള ആദ്യ 1000 ദിന പരിപാടി</u>

ശിശുക്കളുടെ ശരിയായ വികാസത്തിനായി ഗർഭധാരണം മുതൽ ആദ്യത്തെ ആയിരം ദിവസത്തിന്റെ പ്രാധാന്യം സംബന്ധിച്ച് യുവതീയുവാക്കൾക്ക് കൗൺസലിംഗ്, പോഷകാഹാരം, രോഗപ്രതിരോധം, മുലയൂട്ടലിന്റെ പ്രാധാന്യം, മറ്റ് പൂരക ആഹാരങ്ങൾ എന്നിവ സംബന്ധിച്ച് ബോധവൽക്കരണം നൽകുന്നതിനായുള്ള പരിപാടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും നിലവിൽ 11 പ്രോജക്ടുകളിൽ നടപ്പിലാക്കി വരുന്ന പ്രസ്തുത പദ്ധതി 2020-21-ൽ 28 പ്രോജക്ടുകളിലേക്ക് കൂടി വ്യാപിപ്പിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നതായും കൂടാതെ THRS ഫോർട്ടിഫിക്കേഷൻ, റൈസ് ഫോർട്ടിഫിക്കേഷൻ എന്നിവയ്ക്കുള്ള തുകയും ഈ ശീർഷകത്തിൽ നിന്നും വിനിയോഗിക്കേണ്ടതുണ്ടെന്നും വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2235-02-102-42—<u>ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്കായുള്ള ഡേ കെയർ സെന്ററുകളും മൊബൈൽ ക്രഷുകളും</u>

അസംഘടിത മേഖലയിലുള്ള സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി അങ്കണവാടി കേന്ദ്രങ്ങളെ സംയോജിപ്പിച്ച് നടപ്പിലാക്കുന്ന അങ്കണവാടി ക്രഷുകളുടെ പ്രവർത്തനത്തിനായി കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പുതിയതായി 30 അങ്കണവാടി ക്രഷുകൾ കൂടി ആരംഭിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 94 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-103-80—ജെൻഡർ പാർക്ക്

ജെൻഡർ പാർക്കിന്റെ കോഴിക്കോട്ടുള്ള ക്യാമ്പസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും ലിംഗസമത്വം സംബന്ധിച്ച രണ്ടാം അന്താരാഷ്ട്ര സമ്മേളനം വിളിച്ചുചേർക്കുന്നതിനുള്ള പ്രാരംഭ നടപടികൾക്കും അന്താരാഷ്ട്ര വനിതാ വ്യാപാര കേന്ദ്രം ആരംഭിക്കുന്നതിനുള്ള ആദ്യഘട്ട പ്രവർത്തനങ്ങൾക്കും ഭരണപരമായ മറ്റ് ചെലവുകൾക്കും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 2.6622 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-02-103-68—വനിതാ വികസന പദ്ധതികൾ

സ്ത്രീ സുരക്ഷയും ഉന്നമനത്തിനുമായുള്ള പുതിയ പദ്ധതികളായ പോസ്റ്റ്പോർട്ടം ഡിപ്രഷൻ ബോധവത്കരണ പരിപാടി പ്രസവാവധിയിൽ പ്രവേശിച്ചുമൂലം ജോലിക്ക് ബ്രേക്കുണ്ടാകുന്ന സ്ത്രീകളെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, മുഴുവൻ മഹിളാ മന്ദിരങ്ങളെയും കേന്ദ്രീകരിച്ചുകൊണ്ട് സ്കിൽ ട്രെയിനിംഗ്, ലൈവ്‌ലിഹുഡ് യൂണിറ്റുകൾ എന്നിവയ്ക്കായി അധിക തുക ആവശ്യമാണെന്നും സ്ത്രീധനം പൂർണ്ണമായും ഇല്ലായ്മ ചെയ്യുന്നതിനുള്ള ക്യാമ്പയിൻ കഴിഞ്ഞ വർഷം മുതൽ ആരംഭിച്ചിട്ടുണ്ടെന്നും ആയതിന് 2 കോടി രൂപ ആവശ്യമായി വരുമെന്നും വനിത ശിശു വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. വനിതകളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2235-60-200-72(01)—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-കാൻസർ ബാധിതരായ കുട്ടികൾക്കുവേണ്ടിയുള്ള സുരക്ഷാ പദ്ധതി

കാൻസർ രോഗം ബാധിച്ച 18 വയസ്സിനുതാഴെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യമായി ചികിത്സ നൽകുന്ന ഈ പദ്ധതി പ്രകാരം പുതിയ ഗുണഭോക്താക്കൾക്ക് ചികിത്സ നൽകുന്നതിനും കുടിശ്ശിക അനുവദിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 13 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2235-60-200-72(03)—<u>സാമൂഹ്യസുരക്ഷാ പദ്ധതി - അവിവാഹിതരായ അമ്മമാരുടെയും അവരുടെ കുട്ടികളുടെയും പുനരധിവാസം (സ്നേഹസ്പർശം)</u>

അവിവാഹിതരായ അമ്മമാരെയും അവരുടെ കുട്ടികളെയും പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രതിമാസം 2,000 രൂപ ധനസഹായം നൽകിവരുന്ന സ്നേഹസ്പർശം പദ്ധതിയുടെ നിലവിലുള്ള ഗുണഭോക്താക്കൾക്ക് കുടിശ്ശികയും പുതിയ ഗുണഭോക്താക്കൾക്ക് സഹായവും അനുവദിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.1792 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-60-200-72(05)—<u>കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-താലോലം പദ്ധതി</u>

ജന്മനായുള്ള ഹൃദയവൈകല്യങ്ങൾ, ജനിതക രോഗങ്ങൾ മറ്റ് ഗുരുതര രോഗങ്ങൾ എന്നിവയാൽ കഷ്ടപ്പെടുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ ലഭ്യമാക്കുന്ന താലോലം പദ്ധതിയിൽ ഹൈക്കോടതി വിധിന്യായ പ്രകാരം അപൂർവ്വ രോഗമായ Pompe ബാധിച്ച കുട്ടികളുടെ ചികിത്സയ്ക്കായും ധനസഹായം നൽകേണ്ടതുള്ളതിനാൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-60-200-72-11—<u>കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-സ്നേഹപൂർവ്വം</u>

മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരും മരണപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പ്രസ്തുത പദ്ധതിയിൽ 2017-18 മുതലുള്ള കുടിശ്ശികയും പുതിയ അപേക്ഷകർക്കുള്ള സഹായവും നൽകുന്നതിന് കൂടുതൽ തുക വകയിരുത്തേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 28.7322 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

4235-02-103-99—<u>നിർഭയ ഹോമുകളുടെ നിർമ്മാണം</u>

പീഡനത്തിന് ഇരയായ സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിനുള്ള അഭയ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. 2 ജില്ലകളിൽ കൂടി പുതിയ ഹോമുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനും വൺ സ്റ്റോപ്പ് സെന്ററിന്റെ നിർമ്മാണത്തിന് കേന്ദ്ര സഹായം അപര്യാപ്തമായതിനാലും ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2235-02-001-90—വനിതാ ശിശുവികസന ഡയറക്ടറാഫീസ്

വനിതാ ശിശുവികസന വകുപ്പിനുകീഴിൽ ജില്ലാ തലത്തിൽ ഓഫീസ് സംവിധാനം നിലവിൽ വന്നിട്ടുള്ളതിനാൽ ഈ ഓഫീസുകളിലെ ജീവനക്കാർക്ക് ശമ്പളത്തിനും മറ്റ് ഓഫീസ് ചെലവുകൾക്കും നിലവിലെ തുക തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 7.0211 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-102-55—അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലം

അംഗൻവാടികളിലെ വർക്കർ, ഹെൽപ്പർ, മിനി അംഗൻവാടികളിലെ വർക്കർ എന്നിവർക്ക് യഥാക്രമം 5300, 4300, 5300 ക്രമത്തിൽ ഓണറേറിയം നൽകുന്നതിനും ഓണം ഫെസ്റ്റിവൽ അലവൻസ് നൽകുന്നതിനും ഈ ശീർഷകത്തിൽ 36.2456 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-103-77—വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ധനസഹായം

വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം കൂടുതലായതിനാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമേ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-102-53—ചൈൽഡ് റൈറ്റ്സ് കമ്മീഷൻ

ചൈൽഡ് റൈറ്റ്സ് കമ്മീഷന് നിലവിലെ ബഡ്ജറ്റ് വിഹിതത്തിൽ വാഹനവാടകയിനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2235-02-103-99-10—സാമൂഹ്യക്ഷേമ ബോർഡ്-അംശദാനം-സംഭാവന

ബോർഡിന്റെ ഭരണ ചെലവുകൾക്കും ചെയർപേഴ്സന്റെ ഓണറേറിയത്തിനുമായി 2020-21 വർഷത്തേയ്ക്ക് ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാന വിഹിതമായി 1,32,37,758 രൂപ ആവശ്യമായി വരുന്നതിനാലും 2014-15, 2015-16, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ ബോർഡ് ചെയർപേഴ്സന്റെ ഓണറേറിയം നൽകിയ വകയിൽ ചെലവായ 3,84,000 രൂപ കുടിശ്ശിക ഇനത്തിൽ സർക്കാരിൽ നിന്നും ബോർഡിനു ലഭിക്കാനുള്ളതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 99.53 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-02-103-95-34—സ്റ്റാറ്റ്യൂട്ടറി വിമൻസ് കമ്മീഷൻ

വനിതാ കമ്മീഷൻ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ജീവനക്കാരുടെയും ഡി.എ. കടിശ്ശിക നൽകുന്നതിനും മുൻകാല കമ്മീഷൻ അംഗങ്ങളുടെ വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിനും ഈ ശീർഷകത്തിൽ 24 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-104-99—ശ്രീ ചിത്രാ ഹോം സഹായധനം

ശ്രീ ചിത്രാ ഹോം ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടത്തി ശമ്പളം നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 60.36 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

2235-02-106-98-34-3—ദുർഗുണ പരിഹാര പാഠശാല – മറ്റ് ചെലവുകൾ-മറ്റിനം

ദുർഗുണ പരിഹാര പാഠശാലയിലെ അന്തേവാസികൾക്കുള്ള അടിയന്തര ചികിത്സാ ചെലവ് മരുന്ന്, മറ്റ് ചെലവുകൾ എന്നിവയിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-60-200-82—അവശതയനുഭവിക്കുന്ന രണ്ടാം ലോക മഹായുദ്ധ യോദ്ധാക്കൾക്ക് ധനസഹായം

രണ്ടാം ലോകമഹായുദ്ധ സേനാനികൾക്കും അവരുടെ വിധവകൾക്കും നൽകി വന്നിരുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിച്ചതിന് ആനുപാതികമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 7.7344 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-60-200-94—വിമുക്ത ഭടൻമാരുടെ കുട്ടികൾക്ക് ധനസഹായം

വിമുക്ത ഭടൻമാരുടെ കുട്ടികൾക്കുള്ള ധനസഹായത്തിനുപുറമെ അമാൽഗമേറ്റഡ് ഫണ്ടിലെ രണ്ടുപദ്ധതികൾ കൂടി ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2235-60-200-71—ജവാൻമാർക്ക് വേണ്ടിയുള്ള ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ ലോട്ടറിയുടെ അറ്റാദായം-ഫ്ലാഗ് ഡേ ഫണ്ട് അക്കൗണ്ടിലേക്കുള്ള റിലീസ്

4-1-2013-ൽ നറുക്കെടുപ്പ് നടന്ന ജയ്ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റിൽ നിന്ന മുഴുവൻ തുകയും ലഭ്യമാകാത്തതിനാൽ നിലവിലുള്ള സ്കീമുകളിൽ നിന്നും നൽകി വരുന്ന വിവിധയിനം സാമ്പത്തിക സഹായം വർദ്ധിപ്പിക്കുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യം നിലനിൽക്കുന്നുവെന്നും പുതിയ സ്കീമുകൾ ഉൾപ്പെടുത്തുവാനും പരിമിതിയുണ്ടെന്നും സൈനിക ക്ഷേമ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഈ ശീർഷകത്തിൽ 8.97 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-60-200-88—സൈനിക ക്ഷേമ ഡയറക്ടറേറ്റ്

ഇ-ഓഫീസ് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് പുതിയതായി കമ്പ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനുള്ള ചെലവിലേക്കായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-60-200-87—ജില്ലാ സൈനിക ക്ഷേമ ഓഫീസുകൾ (സ്ഥാപന ചെലവ്)

ഇ-ഓഫീസ് നടപ്പിലാക്കുന്നതിനും പുതിയതായി കമ്പ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനും k-swan connectivity-ക്കുവേണ്ടിയും ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-190-97—കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള ധനസഹായം-(പ്ലാൻ)

2019-20 സാമ്പത്തിക വർഷം വിജയകരമായി നടപ്പിലാക്കിയ ഏറെ ജനശ്രദ്ധ പിടിച്ചുപറ്റിയ മംഗല്യ സമുന്നതി പദ്ധതിക്ക് നിലവിൽ ബഡ്ജറ്റ് വിഹിതം ഇല്ലായെന്നും കൂടാതെ കഴിഞ്ഞ രണ്ട് വർഷമായി വിജയകരമായി നടപ്പിലാക്കി വരുന്ന മുന്നാക്ക സമുദായങ്ങളിലെ ഏറ്റവും ജനശ്രദ്ധ നേടിയ പദ്ധതിയായ ഭവന സമുന്നതി പദ്ധതിയിൽ അഗ്രഹാരങ്ങളുടെയും വീടുകളുടെയും നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി കഴിഞ്ഞ സാമ്പത്തിക വർഷം 11.40 കോടി വകയിരുത്തിയിരുന്നുവെങ്കിലും നിലവിൽ അഗ്രഹാരങ്ങളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി മാത്രമാണ് തുക വകയിരുത്തിയിരിക്കുന്നതെന്നും പൊതുഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു. പ്രസ്തുത പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേക്കായി മംഗല്യ

സമുന്നതി പദ്ധതിക്ക് 5 കോടി രൂപയും ഭവനപുനരുദ്ധാരണ പദ്ധതിക്കായി 6 കോടി രൂപയും ഉൾപ്പെടെ ആകെ 11 കോടി അധികമായി ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2235-02-800-80—ഡോ. അംബേദ്കർ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ ഇക്കണോമിക്കലി ബാക്ക്‌വേഡ് സ്റ്റുഡന്റ്സ്

പ്രസ്തുത പദ്ധതിപ്രകാരം മുന്നാക്ക സമുദായങ്ങളിലെ പാവപ്പെട്ട കുട്ടികളുടെ പഠന ചെലവുകൾക്കായി നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തേക്കാൾ കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2235-02-190-97—കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള ധനസഹായം-(നോൺ പ്ലാൻ)

കേരള സംസ്ഥാന മുന്നാക്കക്ഷേമ കോർപ്പറേഷനിലെ ചെയർമാന്റെ പേഴ്സണൽ സ്റ്റാഫിലുള്ളവർക്ക് ശമ്പള ചെലവുകൾക്കായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2235-02-800-81-31—മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ-സഹായധനം-ശമ്പളം

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായ പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷനിലെ അംഗങ്ങളുടെ ശമ്പളം, മറ്റലവൻസുകൾ എന്നിവയ്ക്കായി നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.26 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

യോഗം വൈകുന്നേരം 3.50-ന് അവസാനിച്ചു.

## 26-2-2020-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2020 ഫെബ്രുവരി 26-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന

ഹാളിൽ സമിതി ചെയർമാനും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. എ. കെ ബാലന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശുവികസനവും വകുപ്പുമന്ത്രിയുമായ ശ്രീമതി കെ.കെ.ശൈലജ ടീച്ചറും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. ഒ. ആർ. കേളു., എം. എൽ. എ.

2. ശ്രീ. സി. കെ. ശശീന്ദ്രൻ, എൽ. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. മാത്യുക്കുട്ടി ജി., ജോയിന്റ് സെക്രട്ടറി

2. ശ്രീ. വി. ആർ. റിജു, ഡെപ്യൂട്ടി സെക്രട്ടറി.

സമിതി 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ മറ്റുപിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമം സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ XXV, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ XLVI എന്നിവയുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 2.50-ന് അവസാനിച്ചു.

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.